26
ശനി
ജനുവരി 2022
1197 കുംഭം 14
Vol 4 Issue No 90

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 06
www.keralapranamam.com
infokeralapranamam@gmail.com

# കീവ് വളഞ്ഞ് റഷ്യൻ സൈന്യം;

## യുക്രൈൻ ആയുധംവച്ച് കീഴടങ്ങിയാൽ ചർച്ചയ്ക്ക് തയ്യാറെന്ന് റഷ്യ

**കീവ്:** യുക്രൈൻ തലസ്ഥാനമായ കീവ് റഷ്യൻ സൈന്യത്തിന്റെ നിയന്ത്രണത്തിലേക്ക്. രാജ്യത്തിന്റെ വടക്ക്, വടക്കുകിഴക്കൻ മേഖലകളിലൂടെ റഷ്യൻ സേന കീവിലേക്ക് അടുക്കുകയാണെന്ന് യുക്രൈൻ സൈന്യം സ്ഥിരീകരിച്ചു. റഷ്യൻ സേന ഏതു സമയവും കീവ് പിടിച്ചടക്കിയേക്കാമെന്നും വിദേശമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. കീവ് ലക്ഷ്യമിട്ട് കനത്ത ആക്രമണമാണ് റഷ്യ നടത്തുന്നത്. റഷ്യൻ നിയന്ത്രണത്തിലുള്ള കിഴക്കൻ നഗരമായ കൊനോടോപ്പിൽ നിന്നും റഷ്യ സേന തലസ്ഥാനത്തേക്ക് മുന്നോറുകയാണെന്നും യുക്രൈൻ സൈന്യം ഫെയ്സ്ബുക്കിലൂടെ വ്യക്തമാക്കി. റഷ്യയുടെ കടന്നുകയറ്റത്തോടെ കീവ് നഗരത്തിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചിരുന്നു.വെള്ളിയാഴ്ച പുലർച്ചെ കീവിൽ രണ്ട് സ്ഫോടനങ്ങൾ നടന്നതായാണ് റിപ്പോർട്ട്. മേഖലയിൽ റോക്കറ്റാക്രമണവും രൂക്ഷമാണ്. പ്രധാന നഗരങ്ങളിലെല്ലാം റഷ്യൻ സേന മിസൈൽ ആക്രമണവും ഷെല്ലിങ്ങും നടത്തിയതോടെ യുക്രൈനിൽ ജനജീവിതം ദുസ്സഹമായി.അതേസമയം കീവിൽ ആക്രണത്തിനെത്തിയ റഷ്യൻ വിമാനം വെടിവച്ചിട്ടിതായി യുക്രൈൻ അവകാശപ്പെട്ടു. വെടിവച്ചിട്ട വിമാനം നഗരത്തിലെ കെട്ടിടത്തിൽ പതിച്ചെന്നും യുക്രൈൻ സൈനിക വൃത്തങ്ങൾ പറഞ്ഞു. ജനവാസ മേഖലകളും പാർപ്പിട സമുച്ചയങ്ങളും ലക്ഷ്യമിട്ടുള്ള റഷ്യൻ ആക്രമണം വർധിച്ചുവരുകയാണെന്ന് പ്രസിഡന്റ് വൊളോഡിമിർ സെലെൻസ്കി ആരോപിച്ചു. ഇതിനിടെ യുക്രൈൻ ആയുധംവെച്ച് കീഴടങ്ങിയാൽ ചർച്ചയ്ക്ക് തയ്യാറാണെന്ന് റഷ്യൻ വിദേശകാര്യമന്ത്രി സെർജി ലാവ്റോവ് വ്യക്തമാക്കി. യുക്രൈനെ നിരായുധീകരിക്കുകയാണ് ലക്ഷ്യമെന്നും യുക്രൈനെ പൂർണമായും അധീനതയിലാക്കാൻ പുടിൻ ആഗ്രഹിക്കുന്നില്ലെന്നും ലാവ്റോവ് പറഞ്ഞു. ഒഡേസയിലും അതിശക്തമായ വ്യോമാക്രമണം നടന്നുകൊണ്ടിരിക്കുകയാണ്. കീവിലെ വൈദ്യുത-ഭക്ഷണ വിതരണ സംവിധാനങ്ങൾ തടസ്സപ്പെടുത്താൻ റഷ്യ ലക്ഷ്യമിടുന്നതായുള്ള വാർത്തകൾ രാജ്യത്ത് പരിഭ്രാന്തി സൃഷ്ടിച്ചിട്ടുണ്ട്. മോസ്കോയിൽ റഷ്യൻ അനുകൂലികളായ യുക്രൈൻ നേതാക്കളുടെ പട്ടിക തയ്യാറാക്കുകയാണെന്നും സൈനിക നടപടി പൂർത്തിയായാൽ ഇവരെ ഭരണാധികാരകളായി പ്രഖ്യാപിക്കാനാണ് റഷ്യ പദ്ധതിയിടുന്നതെന്നും റിപ്പോർട്ടുകളുണ്ട്.





# വി.ഡി സതീശന്റെ വീട്ടിലെ രഹസ്യയോഗത്തിൽ സുധാകരന്റെ റെയ്ഡ്; നിഷേധിച്ച് നേതാക്കൾ

**തിരുവനന്തപുരം:** സംസ്ഥാനത്ത് കോൺഗ്രസിലെ ഗ്രൂപ്പുകളെ ഒതുക്കി പുനഃസംഘടന നടത്താൻ ആലോചനകൾ സജീവമാകുന്നതിനിടെ വീണ്ടും ഗ്രൂപ്പ് വിവാദം. പ്രതിപക്ഷ നേതാവ് വി.ഡി സതീശന്റെ വീട്ടിൽ ഗ്രൂപ്പ് യോഗം നടന്നുവെന്നും ഇതറിയാൻ കെപിസിസി പ്രസിഡന്റ് കെ.സുധാകരൻ സംഘടനാ സെക്രട്ടറി ടി.യു രാധാകൃഷ്ണനെ പ്രതിപക്ഷ നേതാവിന്റെ വീട്ടിലേക്ക് അയച്ചുവെന്നുമാണ് ആരോപണം. പാർട്ടിക്കുള്ളിൽ ചിലർ നടത്തുന്ന കുൽസിത നീക്കങ്ങളാണ് ഇതെന്നും ഗ്രൂപ്പ് യോഗം ചേർന്നിട്ടില്ലെന്നും വി.ഡി സതീശൻ പ്രതികരിച്ചു. എ, ഐ ഗ്രൂപ്പുകളെ ഒരു പരിധി വരെ ഒതുക്കി പുനഃസംഘടന അന്തിമഘട്ടത്തിലേക്ക് എത്തുന്നതിനിടെയാണ് പുതിയ ആരോപണം. എ ഗ്രൂപ്പ് പുനഃസംഘടനയെ എതിർത്ത് മുന്നോട്ട് പോകുന്നതിന്റെ ഭാഗമായി കോട്ടയത്ത് യോഗം ചേർന്നിരുന്നു. ഇതിനെതിരെ കെപിസിസി പ്രസിഡന്റ് ഹൈക്കമാൻഡിൽ റിപ്പോർട്ട് നൽകാനിരിക്കെയാണ് പ്രതിപക്ഷ നേതാവിന്റെ വീട്ടിൽ രഹസ്യ യോഗത്തിനായി എത്തിയത്. തുടർന്ന് ഇവർ ഗ്രൂപ്പ് യോഗം ചേർന്നതായി ആരോപണം ഉയരുകയും ചെയ്തു. ഈ സമയം ടി.യു രാധാകൃഷ്ണൻ എത്തിയത് കെപിസിസി പ്രസിഡന്റ് നിർദേശിച്ചത് അനുസരിച്ചാണെന്ന് ആരോപണം ഉയരുകയും ചെയ്തു. സംസ്ഥാന സർക്കാരിന്റെ തെറ്റായ നയങ്ങൾക്കെതിരെ ശക്തമായ പ്രതിഷേധവുമായി മുന്നോട്ട് പോകുമ്പോൾ പാർട്ടിയെ പിന്നിൽ നിന്ന് വലിക്കാനുള്ള ചിലരുടെ കുൽസിത നാക്കം മാത്രമാണിതെന്നും തനിക്ക് ഗ്രൂപ്പ് ഇല്ലെന്നും സതീശൻ പ്രതികരിച്ചു. രഹസ്യ യോഗം നടന്നതായി തനിക്ക് അറിയില്ലെന്നും എന്നാൽ പാർട്ടിയെ പിന്നോട്ട് വലിക്കുന്നു എന്ന് സതീശൻ പറഞ്ഞതിന്റെ ഉദ്ദേശം എന്താണെന്ന് അറിയില്ലെന്നും കെ സുധാകരൻ പ്രതികരിച്ചു.

# രക്ഷാദൗത്യം ഊർജ്ജിതം: എയർ ഇന്ത്യ വിമാനങ്ങൾ റുമാനിയയ്ക്ക്

**ന്യൂഡൽഹി:** യുക്രൈനിൽ കുടുങ്ങിയ പൗരൻമാരെ രക്ഷിക്കാൻ ദൗത്യവുമായി ഇന്ത്യ. യുക്രൈന്റെ അയൽരാജ്യമായ റുമാനിയ വഴി പൗരൻമാരെ തിരികെയെത്തിക്കാനാണ് പദ്ധതി. ഇതിനായി രണ്ട് എയർ ഇന്ത്യ വിമാനങ്ങൾ ശനിയാ ഴ്ച പുലർച്ചെ റുമാനിയൻ തലസ്ഥാനമായ ബുക്കാറസ്റ്റിലേക്ക് പോകും. യുക്രൈനിലെ ഒരു വിമാനത്താവളത്തിൽ നിന്നും പൗരൻമാരെ നാട്ടിലേക്ക് എത്തിക്കുന്ന രക്ഷാദൗത്യം സാധ്യമല്ല. ഈ പശ്ചാത്ത ലത്തിൽ കഴിഞ്ഞ ദിവസം മുതൽ ഇന്ത്യ ബദൽ മാർഗങ്ങൾ തേടിയിരുന്നു. ഹംഗറി, പോളണ്ട്, സ്ലൊവാക്യ, റുമാനിയ അതിർത്തികളിലൂടെ ഒഴിപ്പിക്കാനാണ് ശ്രമം. അതിർത്തികളിലെ റോഡു മാർഗം യുക്രെയ്ൻ വിടാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾക്കായുള്ള റജിസ്ട്രേഷൻ ഹംഗറിയിലെ ഇന്ത്യൻ എംബസിയിൽ തുടങ്ങി. പോളണ്ടിലെ ഇന്ത്യൻ എംബസി യുക്രെയ്ൻ അതിർത്തിയായ ലിവിവിൽ ക്യാംപ് തുടങ്ങും. പോളണ്ട് വഴി നാട്ടിലേക്ക് തിരിക്കാൻ ഓഫിസുമായി ബന്ധപ്പെടണം. ഇതിനായുള്ള നമ്പറും മെയിൽ ഐഡിയും പ്രസിദ്ധീകരിച്ചു നിലവിലെ സാഹചര്യത്തിൽ യുക്രൈനിൽ നിന്നും 1500 കിലോമീറ്റർ അകലെയുള്ള റുമാനിയയിലേക്കും ദൂരം കൂടുതലുള്ള പോളണ്ടിലേക്കും എത്തിച്ചേരുകയെന്നത് ശ്രമകരമായ ദൗത്യമാണ്. യുദ്ധം തുടരുന്ന സാഹചര്യത്തിൽ സുരക്ഷാ ഭീഷണിയുണ്ട്. ട്രെയിൻ മാർഗം എത്തണമെങ്കിൽ പോലും പത്ത് മണിക്കൂറോളം വേണം. എന്നാൽ ഗതാഗത സംവിധാനങ്ങളെല്ലാം തടസ്സപ്പെട്ടിരിക്കുന്ന സ്ഥിതിയുണ്ട്. കേന്ദ്രസർക്കാരിന്റെ കണക്കനുസരിച്ച് 20,000ൽ അധികം ഇന്ത്യക്കാരാണ് യുക്രൈനിലുള്ളത്. ഇതിൽ നാലായിരത്തോളം പേരെ മാത്രമാണ് ഇതുവരെ തിരികെയെത്തിച്ചത്. റഷ്യൻ സൈന്യത്തിന്റെ സാന്നിധ്യമുള്ള യുക്രൈനിൽ നിന്ന് പൗരൻമാരെ തിരികെ എത്തിക്കുക വെല്ലുവിളിയാണ്. പൗരൻമാരെ മടക്കിയെത്തിക്കാൻ ഊർജ്ജിതമായ നീക്കങ്ങളാണ് വിദേശകാര്യ മന്ത്രാലയത്തിന്റെ കീഴിൽ നടക്കുന്നത്. റഷ്യ ഇപ്പോഴും ആക്രമണം തുടരുകയുമാണ്. മലയാളികൾ ഉൾപ്പെടെ നിരവധി വിദ്യാർഥികളാണ് യുക്രെയ്നിൽ കുടുങ്ങിക്കിടക്കുന്നത്. റഷ്യൻ ടാങ്കുകൾ യുക്രെയ്ൻ തലസ്ഥാനമായ കീവിലേക്ക് നീങ്ങുന്നുവെന്ന് മലയാളി വിദ്യാർഥികൾ പറഞ്ഞു. സുരക്ഷ കണക്കിലെടുത്ത് ബങ്കറിൽ കഴിയുകയാണ് ഇവർ. പോളണ്ടിലെ ഇന്ത്യൻ എംബസി യുക്രെയ്ൻ അതിർത്തിയിലെ ലിവിവിൽ ക്യാംപ് തുടങ്ങും. ഫോൺ +48660460814, +48606700105, മെയിൽ cons.warsaw@mea.gov.in








# സെക്രട്ടേറിയറ്റിന് സമീപം ഹോട്ടലിൽ അരുംകൊല ;

## കൊല അരങ്ങേറിയത് പട്ടാപ്പകൽ ജനങ്ങൾ നോക്കിനിൽക്കെ

**തിരുവനന്തപുരം:** തലസ്ഥാനത്ത് ഹോട്ടൽ ജീവനക്കാരനെ വെട്ടിക്കൊന്നു. ആളുകൾ നോക്കിനിൽക്കെ ആയിരുന്നു കൊലപാതകം.സെക്രട്ടറിയേറ്റിന് തൊട്ടടുത്ത് തമ്പാനൂരിലെ ഹോട്ടൽ സിറ്റി ടവറിലെ റിസപ്ഷനിസ്റ്റായ നാഗർകോവിൽ സ്വദേശി അയ്യപ്പൻ(34) ആണ് കൊല്ലപ്പെട്ടത്.രാവിലെ എട്ടരയോടെയാണ് സംഭവം നടന്നത്. ബൈക്കിലെത്തിയ ആളാണ് കൊലപാതകത്തിന് പിന്നിൽ. ഹോട്ടൽ റിസപഷനിലെ കസേരയിൽ ഇരിക്കുകയായിരുന്നു അയ്യപ്പൻ. ഈ സമയം ബൈക്കിലെത്തിയ പ്രതി ഹോട്ടലിലേയ്ക്ക് കടന്ന് അയ്യപ്പന്റെ കഴുത്ത് പിടിച്ചുവെച്ച് കയ്യിൽ കരുതിയിരുന്ന വെട്ടുകത്തി കൊണ്ട് വെട്ടി കൊലപ്പെടുത്തി. മരണം ഉറപ്പാക്കിയ ശേഷം പ്രതി ബൈക്കിൽ കയറി രക്ഷപ്പെടുകയായിരുന്നു എന്ന് ദൃക്സാക്ഷികൾ പറഞ്ഞു. കൊലപാതകിയുടെ മുഖം സിസിടിവി ദൃശ്യങ്ങളിൽ വ്യക്തമാണ്. ഈ ദൃശ്യങ്ങൾ കേന്ദ്രീകരിച്ച് പൊലീസ് അന്വേഷണം ആരംഭിച്ചിരിക്കുകയാണ്. കൊലപാതകത്തിന് പിന്നിലെ കാരണം വ്യക്തമായിട്ടില്ല.സംഭവം നടക്കുന്ന സമയത്ത് അയ്യപ്പനും റൂം ബോയ് ആയി ജോലി നോക്കുന്ന മറ്റൊരു ജീവനക്കാരനും മാത്രമാണ് ഉണ്ടായിരുന്നത്. മാലിന്യം കളയുന്നതിനായി റൂം ബോയ് പുറത്ത് പോയി മടങ്ങിയെത്തിയപ്പോഴാണ് ചോരയിൽ കുളിച്ച് കിടക്കുന്ന അയ്യപ്പനെ കണ്ടത്. കഴിഞ്ഞ ദിവസം രാത്രിയും അയ്യപ്പനുമായി സംസാരിച്ച ശേഷമാണ് വീട്ടിലേയ്ക്ക് മടങ്ങിയതെന്ന് ഹോട്ടൽ ഉടമയുടെ ഭാര്യ പറയുന്നു. എന്തെങ്കിലും പ്രശ്നമുള്ളതായി അയ്യപ്പൻ തന്നോടോ ഭർത്താവിനോടോ പറഞ്ഞിട്ടില്ല എന്നും അത്തരത്തിലൊന്നും തങ്ങളുടെ ശ്രദ്ധയിൽപെട്ടിരുന്നില്ലെന്നും അവർ പറഞ്ഞു. ഹോട്ടൽ ഉടമയുടെ അകന്ന ബന്ധു കൂടിയാണ് അയ്യപ്പൻ.



# സംസ്ഥാനത്ത് 3581 പേർക്ക് കൊവിഡ് സ്ഥിരീകരിച്ചു

**തിരുവനന്തപുരം:** സംസ്ഥാനത്ത് 3581 പേർക്ക് കൊവിഡ് സ്ഥിരീകരിച്ചു. 353 പേരെയാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. 7837 പേർ രോഗമുക്തി നേടി.കഴിഞ്ഞ 24 മണിക്കൂറിനിടെ 44,054 സാമ്പിളുകൾ പരിശോധിച്ചു. 8.12 ആണ് ടിപിആർ. എറണാകുളം 637, തിരുവനന്തപുരം 523, കൊല്ലം 364, കോട്ടയം 313, കോഴിക്കോട് 273, തൃശൂർ 228, ആലപ്പുഴ 206, പത്തനംതിട്ട 186, മലപ്പുറം 176, പാലക്കാട് 171, ഇടുക്കി 169, കണ്ണൂർ 158, വയനാട് 129, കാസർഗോഡ് 48 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്. കഴിഞ്ഞ 24 മണിക്കൂറിനിടെ 44,054 സാമ്പിളുകളാണ് പരിശോധിച്ചത്.സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1,18,975 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 1,16,378 പേർ വീട്/ഇൻസ്റ്റിറ്റിയൂഷണൽ ക്വാറന്റൈനിലും 2597 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 353 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.നിലവിൽ 37,239 കൊവിഡ് കേസുകളിൽ, 7 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്.കഴിഞ്ഞ 24 മണിക്കൂറിനിടെ 6 മരണങ്ങളാണ് കൊവിഡ് മൂലമാണെന്ന് സ്ഥിരീകരിച്ചത്. ഇതുകൂടാതെ മുൻ ദിവസങ്ങളിൽ മരണപ്പെടുകയും എന്നാൽ രേഖകൾ വൈകി ലഭിച്ചത് കൊണ്ടുള്ള 43 മരണങ്ങളും സുപ്രീം കോടതി വിധിപ്രകാരം കേന്ദ്രസർക്കാരിന്റെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 128 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 64,980 ആയി.രോഗം സ്ഥിരീകരിച്ചവരിൽ 12 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 3415 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 119 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 35 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 7837 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 978, കൊല്ലം 425, പത്തനംതിട്ട 413, ആലപ്പുഴ 503, കോട്ടയം 820, ഇടുക്കി 574, എറണാകുളം 1253, തൃശൂർ 672, പാലക്കാട് 325, മലപ്പുറം 415, കോഴിക്കോട് 721, വയനാട് 321, കണ്ണൂർ 282, കാസർഗോഡ് 135 എന്നിങ്ങനേയാണ് രോഗമുക്തിയായത്. ഇതോടെ 37,239 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 63,88,398 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.


കേരള പ്രണാമം
സത്യം വദ ധർമ്മം ചര
editorialkeralapranamam@gmail.com

രാഹുകാലം : 12.00 to 01.30 pm
ഗുളികകാലം : 10.30 to 12.00 am
യമകണ്ടകകാലം : 07.30 to 09.00 am

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച

ഇന്നു ചെയ്യുന്ന പ്രവർത്തിയെ
ആശ്രയിച്ചിരിക്കും നിങ്ങളുടെ ഭാവി



മഹാത്മാ ഗാന്ധി

## ഇന്ത്യക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കേണ്ടത് അനിവാര്യമാണ്

ലോകദുരന്തമായി അതു മാറാതിരിക്കട്ടെയെന്ന് ആഗ്രഹിക്കാൻ മാത്രമാണു സാധാരണ ജനങ്ങൾക്കു കഴിയുക. ഇപ്പോൾ ലോകത്തിൻറെ അടിയന്തര ശ്രദ്ധ തിരിയേണ്ടത് യുക്രെയ്നിലേക്കു തന്നെയാണ്. അവിടെയുള്ള ജനങ്ങളുടെ നിത്യജീവിതത്തിനു വലിയ വിപത്തായി മാറുകയാണല്ലോ യുദ്ധം

അമെരിക്കയും സഖ്യകക്ഷികളും മറുപക്ഷത്തു നിൽക്കുമ്പോൾ യുക്രെയ്നിൽ കടന്ന് റഷ്യ ആരംഭിച്ചിരിക്കുന്ന യുദ്ധം എവിടെ വരെയെത്തുമെന്ന് ഊഹിക്കുന്നതിൽ അർഥമില്ല. ലോകദുരന്തമായി അതു മാറാതിരിക്കട്ടെയെന്ന് ആഗ്രഹിക്കാൻ മാത്രമാണു സാധാരണ ജനങ്ങൾക്കു കഴിയുക. ഇപ്പോൾ ലോകത്തിൻറെ അടിയന്തര ശ്രദ്ധ തിരിയേണ്ടത് യുക്രെയ്നിലേക്കു തന്നെയാണ്. അവിടെയുള്ള ജനങ്ങളുടെ നിത്യജീവിതത്തിനു വലിയ വിപത്തായി മാറുകയാണല്ലോ യുദ്ധം. ഏതു നിമിഷവും ജീവനു ഭീഷണി ഉയരാവുന്നതാണ് ഇപ്പോൾ അവിടുത്തെ സാഹചര്യം.

ജനങ്ങൾ തിങ്ങിപ്പാർക്കുന്ന യുക്രെയ്ൻ നഗരങ്ങളെ ആക്രമിക്കില്ലെന്നു റഷ്യ പറഞ്ഞിട്ടുണ്ടെങ്കിലും പുറത്തുവരുന്ന റിപ്പോർട്ടുകൾ പ്രധാന നഗരങ്ങളിൽ റഷ്യയുടെ മിസൈൽ വർഷമാണെന്നാണ്. റഷ്യയുടെ ഷെല്ലിങ്ങിൽ ആളുകൾ കൊല്ലപ്പെട്ടതായി യുക്രെയ്ൻ പ്രഖ്യാപിച്ചിട്ടുമുണ്ട്. വലിയ സ്ഫോടക ശബ്ദങ്ങൾ കേട്ട് ഇന്നലെ പുലർച്ചെ ഉണർന്നെണീറ്റ നിരവധി പേർക്ക് പുറത്തിറങ്ങാൻ കഴിയാത്ത അവസ്ഥയായിരുന്നത്രേ. എന്തും സംഭവിക്കാവുന്ന സാഹചര്യത്തിൽ കഴിയേണ്ടിവരുന്നവരിൽ മലയാളികൾ ഉൾപ്പെടെ നിരവധി ഇന്ത്യക്കാരുണ്ട് എന്നതു നമ്മെ സംബന്ധിച്ചിടത്തോളം ഏറെ പ്രധാനമാണ്.

ഓരോ ഇന്ത്യക്കാരൻറെയും സുരക്ഷ ഉറപ്പുവരുത്തുന്നതിനും അവരെ കഴിയും വേഗത്തിൽ നാട്ടിലേക്കു തിരിച്ചെത്തിക്കുന്നതിനും വേണ്ട നടപടികൾ ഒട്ടം അമാന്തമില്ലാതെ നടക്കണം. വിദ്യാർഥികളും ജോലിക്കാരുമായി യുക്രെയ്നിലുള്ള ഇന്ത്യക്കാരെ കൊണ്ടുവരാൻ കഴിഞ്ഞ ദിവസങ്ങളിൽ കേന്ദ്ര സർക്കാർ ശ്രമം നടത്തിയിരുന്നു. വിദ്യാർഥികൾ തത്കാലം യുക്രെയ്ൻ വിടണമെന്നു സർക്കാർ നിർദേശിക്കുകയും ചെയ്തിരുന്നു. കുറച്ചു പേരെ ഇന്ത്യയിലേക്കു കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. എന്നാൽ, ഏറെ പേർ അവിടെ കുടുങ്ങിക്കിടക്കുകയാണ്.

റഷ്യയുടെ ആക്രമണം തുടങ്ങിയതോടെ യാത്രാവിമാനങ്ങൾക്കു യുക്രെയ്ൻ വിലക്കേർപ്പെടുത്തിയിരിക്കുന്നു. അപകടം ഒഴിവാക്കാനുള്ള നടപടിയായാണിത്. ഇതോടെ എയർ ഇന്ത്യാ വിമാനത്തിന് അവിടെ ഇറങ്ങാനാവാതെ മടങ്ങേണ്ടിവന്നു. ജീവനും കൊണ്ട് നാട്ടിലെത്താൻ കാത്തിരിക്കുന്നവർ നിരാശയുടെ മണിക്കൂറുകളിലാണ് ഇപ്പോഴുള്ളത്. യുദ്ധവും യാത്രാവിമാനങ്ങൾക്കുള്ള വിലക്കും നീണ്ടുനിൽക്കുന്നുവെങ്കിൽ ഇന്ത്യക്കാരെ കൊണ്ടുവരുന്നതിനു പ്രത്യേക ക്രമീകരണങ്ങൾ ഒരുക്കേണ്ടിവരും. യുക്രെയ്ൻ അധികൃതരുമായി മാത്രമല്ല റഷ്യൻ അധികൃതരുമായും ബന്ധപ്പെട്ട് വിമാനങ്ങളുടെ സുരക്ഷ ഉറപ്പാക്കി, അവിടെ നിന്ന് ആളുകളെ കൊണ്ടുവരുകയെന്നത് സർക്കാരിൻറെയും ഇന്ത്യൻ എംബസി ഉദ്യോഗസ്ഥരുടെയും ഉത്തരവാദിത്വമായി മാറും.

റഷ്യയുമായോ യുക്രെയ്നുമായോ യുഎസും സഖ്യകക്ഷികളുമായോ പ്രശ്നങ്ങളൊന്നുമില്ല ഇന്ത്യയ്ക്ക്. നമ്മുടെ വിദേശനയവും സുതാര്യമാണ്. നയതന്ത്ര ചർച്ചകളിലൂടെ സമാധാനപരമായ പരിഹാരം എന്നത് ആവർത്തിച്ച് ഉന്നയിക്കുന്നുണ്ട് ഇന്ത്യ. നമ്മുടെ നിലപാടിനെ റഷ്യ സ്വാഗതം ചെയ്തതുമാണ്. ആ നിലയ്ക്ക് ഇന്ത്യൻ പൗരൻമാരുടെ തിരിച്ചുവരവിനു സുരക്ഷിതത്വം നൽകാൻ ഉന്നതതല ധാരണയുണ്ടാക്കാനാവുമോ എന്നു പരിശോധിക്കപ്പെടണം. ഭയന്നു കഴിയുന്ന അവിടുത്തെ ഇന്ത്യക്കാരുമായി സമ്പർക്കം പുലർത്തി അവർക്കു വേണ്ട സജ്ജീകരണങ്ങൾ ഒരുക്കി ആത്മവിശ്വാസം പകരാൻ ഇന്ത്യൻ എംബസി മുന്നിട്ടിറങ്ങേണ്ടതുണ്ട്.

ബാങ്കുകളിൽ നിന്നു പണമെടുക്കാനോ ഭക്ഷണം വാങ്ങിക്കഴിക്കാനോ ആളുകൾക്കു കഴിയാത്ത സ്ഥിതി യുദ്ധകാലത്തുണ്ടാവാം. അവശ്യവസ്തുക്കളുടെ ക്ഷാമം പട്ടിണിയിലേക്കും ദുരിതങ്ങളിലേക്കും നയിക്കാം. പ്രവാസികളെ സംബന്ധിച്ചിടത്തോളം ഇത്തരം സന്ദർഭങ്ങളിൽ പ്രശ്നങ്ങൾ പതിന്മടങ്ങാവുകയും ചെയ്യും. എംബസിയും നമ്മുടെ കേന്ദ്ര സർക്കാരും പകരുന്ന ആശ്വാസ നടപടികളാണ് അപ്പോൾ രക്ഷയാകേണ്ടത്. യുക്രെയ്നിലുള്ളവരുടെ ബന്ധുക്കൾ ഇവിടെ തീതിന്നു കഴിയുകയാണ്. ഇന്ത്യക്കാരുടെ അവിടുത്തെ അവസ്ഥയെക്കുറിച്ച് കൃത്യമായ വിവരങ്ങൾ നാട്ടിലുള്ളവർക്ക് അപ്പപ്പോൾ ലഭ്യമാക്കാൻ കഴിയുകയെന്നതും അതിനാൽ പ്രധാനം.

ആക്രമണഭീഷണി ഉയരുന്നതിനനുസരിച്ച് താമസിക്കുന്ന സ്ഥലങ്ങളിൽ നിന്ന് ഒഴിഞ്ഞുപോകേണ്ടിവന്നേക്കാം. ഉള്ളതെല്ലാം കെട്ടിപ്പൊതിഞ്ഞെടുത്ത് എങ്ങോട്ടുപോകണമെന്നു നിശ്ചയമില്ലാതെ പകച്ചുനിൽക്കുന്നതു പരമാവധി കുറയ്ക്കാനും എംബസിയുടെ സഹായം ഉപകരിക്കണം. തത്കാലം എവിടെയാണോ ഉള്ളത് അവിടെ തുടരാനാണ് എംബസി അറിയിച്ചിരിക്കുന്നതെന്ന് യുക്രെയ്നിലുള്ള ചില മലയാളികൾ പറയുന്നുണ്ട്. കീവിലേക്കു വരുന്നവർ യാത്ര റദ്ദാക്കി എവിടെയാണോ തങ്ങിയിരുന്നത് അങ്ങോട്ടു തിരിച്ചുപോകാനും പറഞ്ഞിട്ടുണ്ടത്രേ.

എല്ലാവരുടെയും സുരക്ഷിതത്വത്തിൽ പ്രത്യേക ശ്രദ്ധ നൽകുന്നുവെന്ന് അധികൃതർ അവകാശപ്പെടുന്നു. അത് അങ്ങനെത്തന്നെയായിരിക്കട്ടെ. യുക്രെയ്നിലുള്ള മലയാളികളെ വിദേശകാര്യ മന്ത്രാലയത്തിൻറെയും എംബസിയുടെയും സഹായത്തോടെ നാട്ടിലെത്തിക്കാൻ കഴിയുന്നതൊക്കെ ചെയ്യുന്നുണ്ടെന്നാണ് നോർക്ക അധികൃതർ ഇന്നലെ പറഞ്ഞത്. എല്ലാവരുടെയും കൂട്ടായ പരിശ്രമം ഇക്കാര്യത്തിലുണ്ടാവട്ടെ.



## ഒരു യുദ്ധത്തിനും ഭയപ്പെടുത്താനാവില്ല! ഡോക്യുമെന്ററി തയാറാക്കാൻ യുക്രെയിനിൽ എത്തി ഓസ്കാർ ജേതാവ്

**കീവ്:** യുക്രെയിനിൽ റഷ്യ നടത്തുന്ന ആക്രമണത്തിൽ ലോകം നടുങ്ങി നിൽക്കുന്നതിനിടെ യുദ്ധത്തെക്കുറിച്ചുള്ള ഡോക്യുമെന്ററി തയാറാക്കാനുള്ല ഒരുക്കത്തിലാണ് ചലച്ചിത്ര നിർമാതാവും നടനുമായ സീൻ പെൻ.യുക്രെയിനിൽ എത്തിയ അദ്ദേഹം ഉപപ്രധാനമന്ത്രി ഐറിന വെരേഷ്ചുക്കിനെ കാണുകയും റഷ്യൻ അധിനിവേശത്തെ കുറിച്ച് മാദ്ധ്യമപ്രവർത്തകരോടും സൈനികരോടും സംസാരിക്കുകയും ചെയ്തു. യുക്രെയിൻ പ്രസിഡന്റിന്റെ ഓഫീസ് കഴിഞ്ഞ ദിവസം ഫേസ്ബുക്ക് പോസ്റ്റിലൂടെയാണ് ഇക്കാര്യം അറിയിച്ചത്.'മറ്റ് രാജ്യങ്ങളിലെ പലർക്കും പ്രത്യേകിച്ച് പാശ്ചാത്യ രാഷ്ട്രീയക്കാർക്ക് ഇല്ലാത്ത ധൈര്യം സീൻ പെൻ പ്രകടിപ്പിക്കുന്നു. യുക്രെയിനിൽ നിലവിൽ നടക്കുന്ന എല്ലാ സംഭവങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കാനും അധിനിവേശത്തെക്കുറിച്ചുള്ള സത്യസന്ധമായ കാര്യങ്ങൾ ലോകത്തെ അറിയിക്കാനുമായാണ് അദ്ദേഹം കീവിലെത്തിയത്. '- പ്രസിഡന്റ് ഫേസ്ബുക്കിൽ കുറിച്ചു.രണ്ട് തവണ ഓസ്കാർ ജേതാവായ അദ്ദേഹം വർഷങ്ങളായി നിരവധി യുദ്ധവിരുദ്ധ ശ്രമങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ 2010ലെ ഹെയ്തിയിലെ ഭൂകമ്പത്തിന് ശേഷം ദുരന്ത നിവാരണ സംഘടനയും അദ്ദേഹം സ്ഥാപിച്ചു. 'സിറ്റിസൺ പെൻ' എന്ന അദ്ദേഹത്തിന്റെ ഡോക്യുമെന്ററിയിൽ ഇതേക്കുറിച്ച് വിവരിച്ചിട്ടുണ്ട്.



## യു എന്നിൽ ഇന്ത്യയെ ചതിച്ച യുക്രെയിൻ പാകിസ്ഥാന് ആയുധങ്ങൾ വാരിക്കോരി നൽകി

# റഷ്യയെ പിണക്കില്ലെന്ന് മോദി സർക്കാരിന്റെ നിലപാട്

**ന്യൂഡൽഹി :** യുക്രെയിൻ അതിർത്തി മറികടന്ന് റഷ്യൻ വിമാനങ്ങൾ തീമഴ പെയ്യിക്കുമ്ബോൾ അമേരിക്കയുടേയും നാറ്റോ രാജ്യങ്ങളുടേയും ഇടപെടലാണ് യുക്രെയിൻ ആദ്യം കൊതിച്ചത്.എന്നാൽ വാക്കിനപ്പുറം പ്രവർത്തിയിൽ ബൈഡന്റെ ഭാഗത്ത് നിന്നും ഇടപെടൽ കാണാതിരുന്നതോടെ യുക്രയിൻ ലോക രാജ്യങ്ങളുടെ പിന്തുണ തേടി. ഇതിൽ എടുത്ത് പറഞ്ഞ രാജ്യത്തിന്റെ പേര് ഇന്ത്യയുടേതായിരുന്നു. മോദി സർക്കാർ പുടിനുമായി സംസാരിക്കണമെന്നാണ് യുക്രെയിൻ ആവശ്യപ്പെട്ടത്. അമേരിക്കയെ വിട്ട് യൂറോപ്യൻ യൂണിയനും, ഇന്ത്യ വിഷയത്തിൽ ഇടപെടണമെന്ന് ആവശ്യപ്പെട്ടു. ഇതേ തുടർന്ന് മോദി പുടിനുമായി ആശയവിനിമയം നടത്തി. ഇന്ത്യയുടെ ഭാഗത്ത് നിന്നും രാജ്യതാത്പര്യം സംരക്ഷിക്കുന്ന നിലപാടാണ് ഇതുവരെയും ഉണ്ടായിട്ടുള്ളത്. റഷ്യ എന്ന ചിരകാല സുഹൃത്തിനെ യുക്രെയിൻ വിഷയത്തിൽ നഷ്ടപ്പെടുത്താൻ ഇന്ത്യ ഒരുക്കമല്ല. കാരണം റഷ്യ ഇന്ത്യ എത്ര സഹായിച്ചിട്ടുണ്ടോ അതുപോലെ യുക്രയിൻ ഇന്ത്യയെ ഉപദ്രവിച്ചിട്ടുമുണ്ട്. അതിനെ കുറിച്ച് പരിശോധിക്കാം.1998ൽ അടൽ ബിഹാരി വാജ്പേയിയുടെ നേതൃത്വത്തിലുള്ള ഇന്ത്യ ആണവ പരീക്ഷണങ്ങൾ നടത്തിയിരുന്നു. ' ഓപ്പറേഷൻ ശക്തി' എന്ന പേരിൽ ആണവ പരീക്ഷണങ്ങൾ നടത്തിയപ്പോൾ ഇന്ത്യയ്ക്കെതിരെ സാമ്പത്തിക ഉപരോധമടക്കമുള്ള നിലപാടുകൾ സ്വീകരിക്കാൻ ഓടി നടന്നത് യുക്രെയിനായിരുന്നു. ആണവ പരീക്ഷണം നടത്തി ലോകത്തെ ഇന്ത്യ അമ്ബരപ്പിച്ചതിന് പിന്നാലെ യുക്രെയിനും മറ്റ് 25 രാജ്യങ്ങളും ആണവ പരീക്ഷണങ്ങളെ അപലപിച്ച് യുഎന്നിൽ പ്രമേയം കൊണ്ടു വന്നു. ഈ പ്രമേയത്തിന് അനുകൂലമായി വോട്ട് ചെയ്ത രാജ്യം കൂടിയാണ് യുക്രെയിൻ. യുഎൻ സുരക്ഷാ കൗൺസിൽ 1172ാം പ്രമേയം ഇന്ത്യയ്ക്കെതിരെ പാസാക്കി. ഇന്ത്യ കൂടുതൽ ആണവപരീക്ഷണങ്ങളിൽ നിന്ന് വിട്ടുനിൽക്കണമെന്ന് ആവശ്യപ്പെടുകയും ആണവപരീക്ഷണ നിരോധന കരാറിൽ ഒപ്പു വയ്ക്കാൻ നിർബന്ധിക്കുകയും ചെയ്തു. ഇതിന് പുറമേ ആണവായുധങ്ങൾ വഹിക്കാൻ ശേഷിയുള്ള ബാലിസ്റ്റിക് മിസൈലുകളുടെ ഗവേഷണ പ്രവർത്തനങ്ങൾ നിർത്താനും ഇന്ത്യയോട് ആവശ്യപ്പെട്ടു.എന്നാൽ ഉപരോധത്തെ അവസരമാക്കി മാറ്റുകയായിരുന്നു ഇന്ത്യ. പ്രതിരോധ മേഖലയിലടക്കം ഇറക്കുമതി ചെയ്തിരുന്ന പല വസ്തുക്കളും സ്വന്തമായി നിർമ്മിക്കാൻ ഇന്ത്യയ്ക്ക് കഴിഞ്ഞു. എന്നാൽ രാജ്യത്തിന്റെ വികസന കുതിപ്പിന് കാലതാമസമുണ്ടാക്കാൻ പോന്നതായിരുന്നു യുക്രെയിനടക്കമുള്ള രാജ്യങ്ങൾ മുൻകൈ എടുത്ത് കൊണ്ടുവന്ന പ്രമേയം. ഇന്ത്യയ്ക്കെതിരെ പ്രമേയവുമായി വന്ന യുക്രെയിൻ പാകിസ്ഥാനുമായി മികച്ച ബന്ധവും നിലനിർത്തിയിരുന്നു. പാകിസ്ഥാനുമായുള്ള ഉക്രെയ്നിന്റെ ബന്ധം ഏതാണ്ട് പൂർണ്ണമായും ആയുധങ്ങളുമായി ബന്ധപ്പെട്ടതാണ്.ഇന്ത്യ റഷ്യയിൽ നിന്നും ആയുധങ്ങൾ വാങ്ങുമ്ബോൾ പാകിസ്ഥാൻ യുക്രെയിനെയായിരുന്നു പതിറ്റാണ്ടുകൾ ആശ്രയിച്ചത്. യുദ്ധ ടാങ്കുകളടക്കമുള്ള ആയുധങ്ങളാണ് പാകിസ്ഥാൻ വാങ്ങിയിരുന്നത്. എന്നാൽ ചൈനയുമായി പാകിസ്ഥാനുള്ള ബന്ധം ഊഷ്മളമായതോടെ ഇപ്പോൾ ഇരു രാജ്യങ്ങളും തമ്മിലുള്ള ആയുധ വ്യാപാരം കുറഞ്ഞിട്ടുണ്ട്. സ്റ്റോക്ക്ഹോം ഇന്റർനാഷണൽ പീസ് റിസർച്ച് ഇൻസ്റ്റിറ്റിയൂട്ടിന്റെ റിപ്പോർട്ട് അനുസരിച്ച് ഇതുവരെ യുക്രെയിൻ പാകിസ്ഥാന് ഏകദേശം 1.6 ബില്യൺ ഡോളറിന്റെ ആയുധങ്ങൾ നൽകിയിട്ടുണ്ട്. ഉക്രെയ്നിന്റെ എക്കാലത്തെയും വലിയ ഉപഭോക്താക്കളിൽ ഒരാളായി പാകിസ്ഥാനെ കണക്കാക്കാം.അന്താരാഷ്ട്ര ബന്ധങ്ങളിൽ സ്ഥിരമായ സുഹൃത്തുക്കളോ സ്ഥിരമായ ശത്രുക്കളോ ഇല്ല പകരം അവിടെ സ്ഥിരമായ താൽപര്യങ്ങൾ മാത്രമാണുള്ളത്. എന്നാൽ റഷ്യയെ പിണക്കി യുക്രെയിൻ വിഷയത്തിൽ ഇടപെട്ട് കൈയടി നേടേണ്ട ആവശ്യം ഇപ്പോൾ മോദി സർക്കാരിനില്ലെന്നതാണ് വസ്തുത. യു എന്നിലടക്കം ഈ വിഷയത്തിൽ ഇന്ത്യ വ്യക്തമാക്കിയത് ആദ്യ പരിഗണന യുക്രെയിനിലെ ഇന്ത്യക്കാരെ രക്ഷിക്കുക എന്നതാണെന്ന്. യുദ്ധക്കളത്തിൽ നിന്നും രക്ഷാപ്രവർത്തനം നടത്താനുള്ള വിദ്യ ഇന്ത്യയ്ക്ക് അറിയാമെന്നത് ലോകരാജ്യങ്ങൾ വരെ അംഗീകരിച്ച കാര്യമാണ്.

# റഷ്യ സന്ദർശിച്ച ഇമ്രാന് അമേരിക്കയുടെ മിന്നൽ പ്രഹരം, പാളം തെറ്റിയ പാകിസ്ഥാന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് വൻ തിരിച്ചടി

**വാഷിംഗ്ടൺ :** ഇമ്രാൻ ഖാന്റെ റഷ്യൻ സന്ദർശനത്തിന് അമേരിക്കയുടെ മിന്നൽ പ്രഹരം. കള്ളപ്പണം വെളുപ്പിക്കാൻ ശ്രമിച്ചതിന് നാഷണൽ ബാങ്ക് ഒഫ് പാകിസ്ഥാന് (എൻബിപി) യുഎസ് 55 മില്യൺ ഡോളർ പിഴ ചുമത്തി.നടുവൊടിഞ്ഞ പാക് സമ്പദ്‌വ്യവസ്ഥയ്ക്ക് താങ്ങാനാവാത്ത നടപടിയാണ് അമേരിക്കയുടെ ഭാഗത്ത് നിന്നുമുണ്ടായിരിക്കുന്നത്. കള്ളപ്പണം വെളുപ്പിക്കൽ വിരുദ്ധ നിയമങ്ങൾ പാലിക്കാതിരുന്നതിനാലാണ് ന്യൂയോർക്കിൽ പ്രവർത്തിക്കുന്ന നാഷണൽ ബാങ്ക് ഒഫ് പാകിസ്ഥാന് യുഎസ് 55 മില്യൺ യുഎസ് ഡോളർ പിഴ ചുമത്തിയത്. പാക് സെൻട്രൽ ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഒഫ് പാകിസ്ഥാന്റെ അനുബന്ധ സ്ഥാപനമാണ് എൻബിപി.ബാങ്കിന്റെ ന്യൂയോർക്ക് ശാഖയിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. സാമ്പത്തിക നിയന്ത്രണ മുന്നറിയിപ്പുകൾ അവഗണിച്ചുവെന്നും, കള്ളപ്പണം വെളുപ്പിക്കൽ വിരുദ്ധ നിയന്ത്രണങ്ങൾ നിലനിർത്തുന്നതിൽ പരാജയപ്പെട്ടുവെന്നും അമേരിക്ക ആരോപിക്കുന്നു. ആവർത്തിച്ചുള്ള മുന്നറിയിപ്പുകളും അധികൃതർ അവഗണിച്ചു. നാഷണൽ ബാങ്ക് ഓഫ് പാകിസ്ഥാന് പിഴ ചുമത്തിയ അമേരിക്കയുടെ നടപടി പാകിസ്ഥാന് എഫ്എടിഎഫിന്റെ (ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ്) അടുത്ത യോഗത്തിൽ തിരിച്ചടിയായേക്കും. തീവ്രവാദ പ്രവർത്തനങ്ങൾക്ക് സാമ്ബത്തിക സഹായം നൽകുന്നതിനാൽ ഇപ്പോൾ പാകിസ്ഥാൻ എഫ്എടിഎഫിന്റെ ഗ്രേ ലിസ്റ്റിലാണുള്ളത്. ഇത് ബ്ലാക്ക് ലിസ്റ്റിലാകാനുള്ള സാദ്ധ്യത വർദ്ധിപ്പിക്കുന്നതാണ് എൻ ബി പിക്കെതിരെയുള്ള നടപടി. 2018 ജൂൺ മുതൽ പാകിസ്ഥാൻ എഫ്എടിഎഫിന്റെ ഗ്രേ ലിസ്റ്റിലുണ്ട്. ഇത് പാകിസ്ഥാന്റെ സമ്പദ്‌വ്യവസ്ഥയെയും ആഗോള തലത്തിൽ പ്രതിച്ഛായയേയും പ്രതികൂലമാക്കിയിട്ടുണ്ട്.




# യുക്രെയിൻ റഷ്യ യുദ്ധത്തിൽ പുത്തൻ അടവ്

## പതിനെട്ടിനും അറുപതിനും ഇടയിലുള്ള പുരുഷൻമാർ രാജ്യം വിടുന്നത് തടഞ്ഞു

**കീവ് :** റഷ്യയുടെ ആക്രമണത്തിൽ രണ്ടാം ദിവസം രാജ്യത്തെ പതിനെട്ടിനും അറുപതിനും ഇടയിലുള്ള പുരുഷൻമാർ രാജ്യം വിടുന്നത് യുക്രെയിൻ തടഞ്ഞു.കഴിഞ്ഞ ദിവസം രാജ്യത്ത് പട്ടാള നിയമം നടപ്പിലായതിന്റെ പശ്ചാത്തലത്തിലാണ് ഇത്. ശത്രുവിനെതിരെ പോരാടാനുള്ള അവസാന അടവായിട്ടാണ് രാജ്യത്തെ പുരുഷാരത്തെ യുക്രെയിൻ കാണുന്നത്ഇത് സംബന്ധിച്ച ഉത്തരവിൽ യുക്രെയിൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കി ഒപ്പു വച്ചിട്ടുണ്ട്. രാജ്യത്തിന്റെ പ്രതിരോധം ഉറപ്പാക്കാനും പോരാട്ടത്തിൽ അണിനിരക്കുവാനുമായി ഇവരെ അടുത്ത ഘട്ടത്തിൽ വിളിച്ചേക്കും.'ഞങ്ങളുടെ രാജ്യത്തെ പ്രതിരോധിക്കാൻ ഞങ്ങൾ ഒറ്റയ്ക്കാണ്,' സെലെൻസ്കി രാജ്യത്തെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു. 'ആരാണ് നമുക്കൊപ്പം പോരാടാൻ തയ്യാറുള്ളത്? ഞാൻ ആരെയും കാണുന്നില്ല. യുക്രെയ്നിന് നാറ്റോ അംഗത്വത്തിന്റെ ഉറപ്പ് നൽകാൻ ആരാണ് തയ്യാറുള്ളത്? എല്ലാവരും ഭയപ്പെടുന്നു.' എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.രാജ്യത്ത് പട്ടാള നിയമം നിലനിൽക്കുന്നിടത്തോളം കാലം പുരുഷന്മാർക്കുള്ള നിയന്ത്രണം നിലനിൽക്കും. അതിർത്തിയിൽ പരിശോധന ശക്തമാണ്. റഷ്യ 'സമ്ബൂർണ യുദ്ധം' ആരംഭിച്ചതിന് തൊട്ടുപിന്നാലെയാണ് സെലൻസ്കി ഉക്രെയ്നിൽ പട്ടാള നിയമം പ്രഖ്യാപിച്ചത്. നിലവിൽ യുക്രെയിൻ തലസ്ഥാനമായ കീവിൽ നിന്നും കേവലം എട്ട് കിലോമീറ്റർ അകലെയാണ് റഷ്യൻ സൈന്യമുള്ളത്. ഇവിടെയുള്ള വോർസൽ ഗ്രാമം സൈന്യം ഇതിനകം പിടിച്ചെടുത്തു. വോർസൽ റഷ്യൻ സേനയുടെ കീഴിലായതായി യുക്രെയ്ൻ പ്രതിരോധ മന്ത്രാലയം സ്ഥിരീകരിച്ചു. തലസ്ഥാനം വളയാനുള്ള മുന്നൊരുക്കത്തിലാണ് റഷ്യ. എന്നാൽ അപ്രതീക്ഷിത പ്രത്യാക്രമണങ്ങളിലൂടെ യുക്രെയിൻ റഷ്യൻ സൈനിക മുന്നേറ്റത്തിന് തടസം സൃഷ്ടിക്കുന്നുണ്ട്.









# 54 വർഷത്തെ ഒളിവുജീവിതം ഇന്നലെ അവസാനിച്ചു; മരണാനന്തരം ഞെട്ടിച്ച് മുൻ നക്സലൈറ്റ്

## പുൽപള്ളി പോലീസ് സ്റ്റേഷൻ ആക്രമണത്തിൽ വർഗീസിനും അജിതക്കുമൊപ്പം പങ്കെടുത്തു

## നാട്ടുകാർ സത്യമറിഞ്ഞത് മരണാനന്തര ചടങ്ങിൽ അജിതയുടെ സന്ദേശം വായിച്ചതോടെ

നെടുങ്കണ്ടം: ഇന്നലെ വരെ സാധാരണക്കാരനായ കർഷകനും സൗമ്യനായ സി.പി.എം പ്രവർത്തകനുമായിരുന്നു നാട്ടുകാർക്ക് മാവടി നിരപ്പേൽ എൻ.എ.തങ്കപ്പൻ (88). വാർധക്യസഹജമായ രോഗങ്ങളാൽ വ്യാഴാഴ്ച അദ്ദേഹം അന്തരിച്ചു. തങ്ങളുടെ പ്രിയപ്പെട്ട സഖാവിന് നാട്ടുകാരും പാർട്ടി പ്രവർത്തകരും ഉചിതമായ വിടവാങ്ങലൊരുക്കി. സംസ്കാര ചടങ്ങിനിടെ സിപിഎം പാറത്തോട് ലോക്കൽ സെക്രട്ടറി ജിജി വർഗീസ് ഒരു അനുശോചനം സന്ദേശം വായിച്ചു. മുൻ നക്സലൈറ്റ് നേതാവ് അജിതയുടെ സന്ദേശമായിരുന്നു. ആ സന്ദേശം കേട്ടപ്പോഴാണ് നാട്ടുകാരും സുഹൃത്തുക്കളും ആ സത്യം മനസ്സിലാക്കുന്നത്. നാൽപത് വർഷമായി തങ്ങൾ കണ്ടുവരുന്ന എൻ.എ.തങ്കപ്പൻ സാക്ഷാൽ അള്ളുങ്കൽ ശ്രീധരനാണ്. പുൽപ്പള്ളി സ്റ്റേഷൻ ആക്രമണത്തിൽ വർഗീസിനും അജിതയ്ക്കും ഒപ്പം പങ്കെടുത്ത അരനൂറ്റാണ്ട് കാലം ഒളിവ് ജീവിതം നയിച്ച വിപ്ലവകാരി. 1968 നവംബർ 24ന് പുലർച്ചെ, വയനാട് പുൽപള്ളിയിലെ എംഎസ്പി ക്യാംപ് ആക്രമണം നടക്കുന്നത്. നക്സൽ സംഘത്തിൽ അജിത, എ. വർഗീസ്, ഫിലിപ് എം. പ്രസാദ് തുടങ്ങിയവർക്കൊപ്പം ശ്രീധരനുമുണ്ടായിരുന്നു. കേരളത്തിൽ രാഷ്ട്രീയാധികാരം ലക്ഷ്യമിട്ടുള്ള ആദ്യത്തെ സായുധ ഇടപെടലായിരുന്നു പുൽപ്പള്ളി സ്റ്റേഷൻ ആക്രമണം. നക്സൽബാരിയിലെ വിപ്ലവം കേരളത്തിലെ കമ്യൂണിസ്റ്റ് പാർട്ടിയിലെ ഒരു വിഭാഗത്തെ ആവേശം കൊള്ളിച്ച നാളുകളായിരു അത്. പുൽപള്ളി എംഎസ്പി ക്യാംപിൽ നിന്ന് ആയുധങ്ങൾ സംഭരിക്കുക. പിന്നീട് വയനാട്ടിൽ സായുധ കലാപം. അതായിരുന്നു പ്ലാൻ. എന്നാൽ സ്റ്റേഷൻ ആക്രമണം പരാജയപ്പെട്ടു. കാട്ടിൽ കുടുങ്ങിയ അജിതയും അള്ളുങ്കൽ ശ്രീധരനുമുൾപ്പടെയുള്ളവർ പോലീസ് പിടിയിലായി. ആകെ 149 പേരായിരുന്നു പ്രതികൾ. വർഗീസ് രക്ഷപ്പെട്ടെങ്കിലും പിന്നീട് പോലീസ് പിടികൂടി വെടിവെച്ച് കൊന്നു. ജയിലിൽ അജിതയും അള്ളുങ്കൽ ശ്രീധരനും ഉൾപ്പടെയുള്ളവരെ കാത്തിരുന്നത് കൊടിയ പീഡനമായിരുന്നു. പിന്നീട് ജയിൽ മോചിതനായി. പക്ഷെ മറ്റൊരു കേസിൽ ശിക്ഷിക്കപ്പെട്ടു. ആ കേസിൽ അപ്പീൽ തള്ളിയതോടെ ശ്രീധരൻ ഇടുക്കിയിലേക്ക് കടന്നു. ശ്രീധരനുൾപ്പടെയുള്ളവർക്കായി പോലീസ് വലിയ തിരച്ചിലുകൾ നടത്തി. ഇടുക്കിയിലെത്തിയ ശ്രീധരൻ ദീർഘകാലം തോട്ടങ്ങളിൽ പണിയെടുത്തു. പിന്നീട് സ്വന്തമായി സ്ഥലം വാങ്ങി ഏലം കൃഷി തുടങ്ങി. അള്ളുങ്കൽ ശ്രീധരൻ എന്ന പേരുപേക്ഷിച്ച് നിരപ്പേൽ തങ്കപ്പൻ എന്ന പേര് സ്വീകരിച്ചു. ഇതിനിടയിൽ സി.പി.എമ്മുമായി അടുത്തു. പാർട്ടി അനുഭാവിയും അംഗവുമായി. പാർട്ടി ലേക്കൽ കമ്മറ്റി അംഗമായും പ്രവർത്തിച്ചു. പാർട്ടിയിലെ വിശ്വസ്തരായ രണ്ട് സഖാക്കളോട് മാത്രമാണ് ശ്രീധരൻ തന്റെ ഭൂതകാലം വെളിപ്പെടുത്തിയത്. അടുത്ത സുഹൃത്തുക്കളും പാർട്ടി പ്രവർത്തകരും പോലും ഇക്കാര്യങ്ങളൊന്നും അറിഞ്ഞില്ല.



# യുക്രൈനിലെ മലയാളികൾ ഉൾപ്പെടെയുള്ള ഇന്ത്യാക്കാരുടെ ആദ്യ സംഘം ഇന്ന് എത്തും

**ഡൽഹി:** യുക്രൈനിൽ നിന്നുള്ള ഇന്ത്യാക്കാരെ തിരികെ എത്തിക്കാനുള്ള നീക്കങ്ങൾ പുരോഗമിക്കുകയാണ്. ആദ്യ ഘട്ടത്തിൽ റൊമാനിയൻ അതിർത്തി കടന്ന 470 പേരുടെ സംഘത്തെ ഇന്ന് ഉച്ചയോടെ ഡൽഹിയിലും, മുംബയിലുമായെത്തും. സംഘത്തിൽ 17 മലയാളികളുമുണ്ട്.ഇന്ന് രാവിലെ ഒരു വിമാനം റൊമാനിയയിലേക്കും മറ്റൊന്ന് ഹംഗറിയിലേക്കും പുറപ്പെടും. പോളണ്ട് ഉൾപ്പെടെ മറ്റു രാജ്യങ്ങൾ വഴിയുള്ള രക്ഷപ്രവർത്തനവും പുരോഗമിക്കുകയാണെന്ന് എംബസി അറിയിച്ചു. അതേ സമയം,കീവ് ഉൾപ്പെടെയുള്ള മേഖലകളിൽ നിന്ന് വിദ്യാർത്ഥികളെ പടിഞ്ഞാറൻ അതിർത്തികളിലേക്ക് എത്തിക്കാനുള്ള നടപടികൾ സംബന്ധിച്ച് കേന്ദ്രസർക്കാർ ഉടൻ വ്യക്തത വരുത്തും.




# ബോധപൂർവം ഫയൽ പൂഴ്ത്തിവയ്ക്കുന്നവർക്കെതിരെ കർശന നടപടിയെന്ന്: വീണാ ജോർജ്

**തിരുവനന്തപുരം:** സ്ത്രീകളേയും കുട്ടികളേയും സംബന്ധിച്ചുള്ള ഫയലുകൾ ബോധപൂർവം പൂഴ്ത്തിവച്ചാൽ നടപടിയുണ്ടാകുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. അങ്ങനെയുണ്ടായാൽ അവർ അതിന് കാരണം ബോധിപ്പിക്കണം. ജില്ലാതല ഓഫിസുകളിൽ തന്നെ നടപടി സ്വീകരിക്കാവുന്നതാണ്. ഫയലുകൾ പെട്ടെന്ന് തീർപ്പാക്കി പ്രശ്നങ്ങൾ പരിഹരിക്കുക എന്നത് എല്ലാവരുടേയും ഉത്തരവാദിത്തമാണ്. ഫയലുകളുടെ കാര്യത്തിൽ വളരെ ആദ്രതയോടെയുള്ള സമീപനം സ്വീകരിക്കണം. വനിത ശിശുവികസന ഡയറക്ടറുമായും സെക്രട്ടറിയേറ്റുമായും ബന്ധപ്പെട്ട് ഫയലുകൾ കൈകാര്യം ചെയ്യുന്നതിന് ലെയ്സൺ ഓഫിസറുണ്ടാകുമെന്നും മന്ത്രി വ്യക്തമാക്കി. മാർച്ച് എട്ടിനുള്ളിൽ വനിത ശിശുവികസന വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ ഫയലുകൾ തീർപ്പാക്കുന്നതിന് സെക്രട്ടറിയേറ്റിൽ സംഘടിപ്പിച്ച പ്രത്യേക യജ്ഞത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.വനിത ശിശു വികസന വകുപ്പിന് കീഴിൽ വനിത കമ്മീഷൻ, ബാലാവകാശ കമ്മീഷൻ, വനിത വികസന കോർപ്പറേഷൻ, ജെൻഡർ പാർക്ക്, ശിശുക്ഷേമ സമിതി, വിവിധ ഹോമുകൾ, നിർഭയ സെൽ തുടങ്ങി നിരവധി സ്ഥാപനങ്ങളാണുള്ളത്. ഇവിടെയെല്ലാം തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ അടിയന്തരമായി തീർപ്പാക്കുകയാണ് ലക്ഷ്യം. കഴിഞ്ഞ മാസം മുതലാണ് മാർച്ച് 8 ലക്ഷ്യം വച്ച് ഫയൽ തീർപ്പാക്കാനായുള്ള പരിശ്രമം തുടങ്ങിയത്. വനിത ശിശു വികസന വകുപ്പിൽ താരതമ്യേന കുറച്ച് ഫയലുകളാണ് തീർപ്പാക്കാനുള്ളത്. 2,000 ഓളം ഫയലുകളും 200 ഓളം റിപ്പോർട്ടുകളുമാണ് ഇനി തീർപ്പാക്കാനുള്ളത്. സമയബന്ധിതമായി ഓരോ ഫയലും തീർപ്പാക്കണമെന്നും മന്ത്രി നിർദേശം നൽകി.

# മാധ്യമ ശിൽപശാലയുമായി തിരുവനന്തപുരം പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ

**തിരുവനന്തപുരം:** കേന്ദ്ര വാർത്ത വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള തിരുവനന്തപുരം പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ പ്രാദേശിക മാധ്യമപ്രവർത്തകർക്കായി ഒരു ഏകദിന മാധ്യമ ശിൽപശാല കൊല്ലത്ത് സംഘപ്പിക്കുകയാണ്.അടുത്ത മാസം എട്ടാം തീയതി (2022, മാർച്ച് 8, ചൊവ്വാഴ്ച) കൊല്ലം, കടപ്പാക്കട ഹോട്ടൽ സീ പേൾ - ൽ രാവിലെ 10.00 മണി മുതൽ വൈകിട്ട് 5 മണി വരെയാണ് പരിപാടി.പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോയും പ്രാദേശിക മാധ്യമപ്രവർത്തകരും തമ്മിലുള്ള ക്രിയാത്മക സഹകരണം കൂടുതൽ അർത്ഥസമ്പുഷ്ടവും, കരുത്തുറ്റതും, ഊഷ്മളവുമാക്കുന്നതിന് ലക്ഷ്യമിട്ടാണ് ഈ ഏകദിന ശിൽപ്പശാല സംഘടിപ്പിച്ചിട്ടുള്ളത്.ശിൽപ്പശാലയിൽ പങ്കെടുക്കുന്നതിനായി താങ്കളുടെ മാധ്യമ സ്ഥാപനത്തിൽ നിന്നും ഒരു പ്രതിനിധിയെ നാമനിർദ്ദേശം ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.നാമനിർദ്ദേശം ചെയ്യപ്പെടുന്ന വ്യക്തിയുടെ പേര്, മൊബൈൽ നമ്പർ, ഇ-മെയിൽ എന്നിവ സഹിതം, ുശയ്റ്റോ@ഴാമശഹ.രീ ലേയ്ക്ക് അയച്ചു തരണമെന്നും അഭ്യർത്ഥിക്കുന്നു.



# കെ.സച്ചിദാനന്ദനെ കേരള സാഹിത്യ അക്കാദമി അധ്യക്ഷനായി തെരഞ്ഞെടുത്തു

**തിരുവനന്തപുരം:** കവിയും സാഹിത്യ നിരൂപകനുമായ കെ.സച്ചിദാനന്ദനെ കേരള സാഹിത്യ അക്കാദമി അധ്യക്ഷനായി തെരഞ്ഞെടുത്തു. 1996 മുതൽ 2006 വരെയുള്ള കാലയളവിൽ അദ്ദേഹം കേന്ദ്ര സാഹിത്യ അക്കാദമി സെക്രട്ടറിയായിരുന്നു. അഞ്ച് തവണ അദ്ദേഹം കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയിട്ടുണ്ട്.1946-ൽ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിലാണ് കെ. സച്ചിദാനന്ദന്റെ ജനനം.അധ്യാപകൻ, ഇന്ത്യൻ ലിറ്ററേച്ചറിന്റെ എഡിറ്റർ, കേന്ദ്ര സാഹിത്യ അക്കാദമി സെക്രട്ടറി, 'ഇഗ്നോ'വിൽ പരിഭാഷാവകുപ്പ് പ്രൊഫസർ, ഡയറക്ടർ തുടങ്ങിയ പദവികൾ അദ്ദേഹം വഹിച്ചിട്ടുണ്ട്.

# വിവാദ ഫേസ്ബുക്ക് പോസ്റ്റിൽ ഖേദം പ്രകടിപ്പിച്ച് യു പ്രതിഭ എംഎൽഎ

**ആലപ്പുഴ:** വിവാദമായി ത്തീർന്ന തന്റെ ഫെയ്സ്ബുക്ക് പോസ്റ്റിൽ ഖേദം പ്രകടിപ്പിച്ച് കായംകുളം എംഎൽഎ യു പ്രതിഭ. വ്യക്തിപരമായ മനോവിഷമത്തെ തുടർന്നായിരുന്നു പോസ്റ്റ് ഇട്ടത്. പാർട്ടിക്ക് അപ്രിയമായ ഒരു പ്രവർത്തിയും ഇനി ഉണ്ടാവില്ല. കാരണങ്ങൾ ഇല്ലാത്ത കുറ്റപ്പെടുത്തലുകളും ആക്ഷേപങ്ങളും ചിലരിൽ നിന്ന് ഉണ്ടായി. സമൂഹ മാധ്യമ വേദികളിൽ നിന്ന് തൽക്കാലം വിട്ടുനിൽക്കുന്നു എന്നും പ്രതിഭ പുതിയ ഫേസ്ബുക്ക് പോസ്റ്റിൽ കുറിച്ചു. കായംകുളം നിയോജകമണ്ഡലത്തിലെ വോട്ട് എങ്ങും ചർച്ചയായില്ലെന്ന പരാമർശത്തോടെയായിരുന്നു എംഎൽഎയുടെ ഫെയ്സ്ബുക്ക് പോസ്റ്റ്.വിവാദമായ ഫേസ്ബുക്ക് പോസ്റ്റിൽ കടുത്ത അതൃപ്തിയുമായി സിപിഎം നേതൃത്വം രംഗത്തെത്തിയിരുന്നു. ഫേസ്ബുക്ക് പോസ്റ്റ് സംബന്ധിച്ച് എംഎൽഎയുടെ വിശദീകരണം വാങ്ങി ഉടനടി പ്രശ്നത്തിൽ തീരുമാനമെടുക്കണമെന്ന് ജില്ലാ നേതൃത്വത്തിന് നിർദേശം നൽകിയെന്നാണ് സൂചന. ഇതേ തുടർന്നാണ് ഖേദം പ്രകടിപ്പിച്ച് യു പ്രതിഭ എംഎൽഎ എത്തിയത്. ഖേദം പ്രകടിപ്പിച്ച് പോസ്റ്റിനും പിറകെ എംഎൽഎയുടെ ഫെയ്സ്ബുക്ക് പേജ് അപ്രത്യക്ഷമായിരിക്കുകയാണ്. പാർട്ടി ഫോറത്തിൽ പറയാതെ നവമാധ്യമങ്ങളിൽ ആരോപണങ്ങൾ ഉന്നയിച്ചത് ഗൗരവതരമെന്നാണ് സിപിഎം വിലയിരുത്തൽ. തന്നെ തോൽപ്പിക്കാൻ ശ്രമിച്ചുവെന്നും, മണ്ഡലത്തിൽ വോട്ടുചോർച്ച ഉണ്ടായെങ്കിലും പാർട്ടി പരിശോധിച്ചില്ല തുടങ്ങിയ ആരോപണങ്ങൾ ആയിരുന്നു ഫേസ്ബുക്ക് പോസ്റ്റിലൂടെ പ്രതിഭ ആരോപിച്ചത്.

BUSINESS NEWS





# റഷ്യ–യുക്രൈൻ പോരാട്ടം: ഭക്ഷ്യ വിലക്കയറ്റ ഭീതിയിൽ ലോകം , സംഘർഷം ലോകമെമ്പാടുമുള്ള ധാന്യവിതരണത്തെ ബാധിച്ചേക്കാം

**ന്യൂഡൽഹി:** റഷ്യ യുക്രൈനെതിരായ പോരാട്ടത്തെത്തുടർന്ന് ക്രൂഡ് ഓയിൽ വിലയും സ്വർണ വിലയും കുത്തനെ വർധിപ്പിച്ചു.ഓഹരി വിപണിയിലും നിക്ഷേപകർക്ക് തിരിച്ചടി നേരിട്ടു. എന്നാൽ ഇപ്പോൾ ലോക രാഷ്ട്രങ്ങളെ അലട്ടുന്നത് ഭക്ഷ്യക്ഷാമമുണ്ടാകുമോ എന്ന ഭീതിയാണ്. സംഘർഷം ലോകമെമ്ബാടുമുള്ള ധാന്യങ്ങളുടെ വിതരണത്തെ ബാധിച്ചേക്കാം. അതിൽ ഗുരുതര പ്രതിസന്ധി നേരിടാൻ പോകുന്നത് ഗോതമ്ബാകുമെന്നാണ് വിലയിരുത്തൽ.ലോകത്തിൽ ഏറ്റവും കൂടുതൽ ഗോതമ്ബ് കയറ്റി അയക്കുന്ന ഒന്നാമത്തെയും രണ്ടാമത്തെയും രാജ്യങ്ങൾ തമ്മിലാണ് ഇപ്പോൾ യുദ്ധം നടക്കുന്നത്. ഗോതമ്ബിന്റെ ഫ്യൂച്ചർ വില നിലവാരം ഇന്ന് ഉയർന്നതായാണ് കണക്കുകൾ വ്യക്തമാക്കുന്നത്. 2021 ജൂൺ മുതൽ 2022 ജൂലൈ വരെയുള്ള ആഗോള തലത്തിലെ ഗോതമ്ബ് കയറ്റുമതിയുടെ പ്രതീക്ഷിത കണക്കുകളിൽ 23 ശതമാനവും റഷ്യയുടെയും യുക്രൈന്റെയും സംഭാവനയാണ്. യുദ്ധം തുടരുന്നത് ആഗോളതലത്തിൽ വലിയ പ്രതിസന്ധിയാകുമെന്ന് ഉറപ്പാണ്.മധ്യേഷ്യൻ രാജ്യങ്ങളിലേക്കും യൂറോപ്പിലേക്കും ഏറ്റവും കൂടുതൽ ഗോതമ്ബ് കയറ്റി അയക്കുന്ന രാജ്യങ്ങളാണ് റഷ്യയും യുക്രൈനും. യുദ്ധം വ്യാപാര വാണിജ്യ ബന്ധങ്ങളെ സാരമായി ബാധിക്കുമെന്ന് മാത്രമല്ല, ചരക്ക് ഗതാഗതവും താറുമാറാക്കും. ഇതാണ് ഗോതമ്ബിന്റെ പേരിൽ ലോകം ഇന്ന് വലിയ ആശങ്ക രേഖപ്പെടുത്തുന്നതിന്റെ പ്രധാന കാരണം. ചിക്കാഗോ ബോർഡ് ഓഫ് ട്രേഡ് കണക്ക് പ്രകാരം ഗോതമ്ബിന്റെ വില 48 സെന്റാണ് ഇന്ന് ഉയർന്നത്. ബഷലിന് 9.32 ഡോളറായിരുന്നു നേരത്തെയുണ്ടായിരുന്ന മൂല്യം. ഒരു ബഷൽ ഗോതമ്ബെന്നാൽ 25.4 കിലോഗ്രാം തൂക്കം വരും. ഒരു രൂപയ്ക്ക് ഒരു പൈസ എന്നത് പോലെയാണ് ഡോളറിന് സെന്റ്.മിനെപോളിസ് വീറ്റ് എക്സ്ചേഞ്ചിലും മൂല്യം ഉയർന്നു. 49 സെന്റ് വർധിച്ച് 9.63 ഡോളറാണ് ഫ്യൂചർ പ്രൈസ്. യൂറോപ്പിലും ഗോതമ്ബിന്റെ ഭാവി വില ഉയർന്നിട്ടുണ്ട്. മാർച്ചിലേക്കുള്ള വിലയും ഉയർന്നിട്ടുണ്ട്. യൂറോനെക്സ്റ്റിൽ മെട്രിക് ടണ്ണിന് 287 യൂറോയാണ് ഇന്നലത്തെ കണക്ക് പ്രകാരം മാർച്ചിലെ ഗോതമ്ബിന്റെ വില. യുദ്ധം തുടരുകയും റഷ്യയ്ക്ക് മേൽ ഉപരോധം ഉണ്ടാവുകയും ചെയ്താൽ ആഗോള തലത്തിൽ തന്നെ ഗോതമ്ബ് ലഭ്യത കുറയും. അത് നിലവിലെ ഉൽപ്പാദ രാജ്യങ്ങൾക്ക് മേൽ ഡിമാന്റ് വർധിപ്പിക്കുകയും ഇപ്പോൾ ഈ രാജ്യങ്ങളെ ആശ്രയിക്കുന്ന മറ്റ് ലോകരാഷ്ട്രങ്ങളെ സമ്മർദ്ദത്തിലേക്ക് തള്ളിവിടുകയും ചെയ്യും. ഇങ്ങിനെ വന്നാൽ ഗോതമ്ബിന് ലോകത്തെമ്ബാടും വില ഉയരുന്ന സാഹചര്യമുണ്ടാകുമെന്നും വിലയിരുത്തപ്പെടുന്നുണ്ട്.




# യുദ്ധം തുടരുന്നതിനിടെ നാറ്റോയുടെ പിന്മാറ്റം ആഗോളവിപണിയിൽ പോസിറ്റീവ് ചലനം; സംസ്ഥാനത്ത് സ്വർണവില കുത്തനെ കുറഞ്ഞു

തിരുവനന്തപുരം: റഷ്യ - യുക്രെൻ യുദ്ധം തുടങ്ങിയതോടെ നാറ്റോയുടെ പിന്മാറ്റം വിപണിയിൽ പോസിറ്റീവ് ചലനം ഉണ്ടാക്കി.സംസ്ഥാനത്ത് സ്വർണവില കുറഞ്ഞു. ഗ്രാമിന് 40 രൂപയും പവന് 320 രൂപയുമാണ് കുറഞ്ഞത്. ഗ്രാമിന് 4685 രൂപയിലും പവന് 37480 രൂപയിലുമാണ് വെള്ളിയാഴ്ച വ്യാപാരം നടക്കുന്നത്.വ്യാഴാഴ്ച രാവിലെ 9.38 ന് സംസ്ഥാനത്തെ സ്വർണ വില നിശ്ചയിക്കുമ്ബോൾ 1929 ഡോളറായിരുന്നു അന്താരാഷ്ട്ര വില. രൂപയുടെ വിനിമയ നിരക്ക് 75.08ലുമായിരുന്നു. അതനുസരിച്ച് സ്വർണ വില ഗ്രാമിന് 85 രൂപ വർധിച്ച് 4685 രൂപയും, പവന് 680 രൂപ വർധിച്ച് 37480 രൂപയുമായി.എന്നാൽ 10 മണിയോടെ അന്താരാഷ്ട്ര സ്വർണവില വീണ്ടും 30 ഡോളർ വർധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 11 മണി കഴിഞ്ഞ് ഓൾ കേരള ഗോൾഡ് ആൻഡ് സിൽവർ മർചന്റസ് അസോസിയേഷൻ യോഗം ചേർന്ന് സ്വർണ വില വീണ്ടും വർധിപ്പിച്ചു. ഗ്രാമിന് 40 രൂപയുടെയും പവന് 320 രൂപയുടെയും വർധനവാണ് ഈ ഘട്ടത്തിൽ രേഖപ്പെടുത്തിയത്.ഇതോടെ സ്വർണ വില ഗ്രാമിന് 4725 രൂപയും പവൻ വില 37800 രൂപയുമായി. സ്വർണത്തിന് ഗ്രാമിന് 125 രൂപയും പവന് ഒരു ദിവസം 1000 രൂപയുടെ വർധനവുമാണുണ്ടായത്. എന്നാൽ വെള്ളിയാഴ്ച ഇൻഡ്യൻ ഓഹരി സൂചികകൾ നേട്ടത്തിലാണ് വ്യാപാരം ആരംഭിച്ചത്.യുദ്ധത്തോടെ ലോകത്തിന്റെ നിർണായക ശക്തിയാകാനുള്ള റഷ്യൻ നീക്കവും, നാറ്റോയുടെ 30 സഖ്യരാജ്യങ്ങൾ റഷ്യയെ ആക്രമിക്കുമെന്ന വാർത്തകളുമാണ് വ്യാഴാഴ്ച സ്വർണ വില ഉയരുവാൻ കാരണമായത്.

# യുക്രൈൻ–റഷ്യ സംഘർഷം: അംബാനിക്ക് നഷ്ടം1.1 ലക്ഷം കോടി രൂപ; അദാനിക്ക് നഷ്ടം 66,328 കോടി രൂപ

ആഗോള വിപണികളെ വീഴ്ചയിലേക്ക് തള്ളിയിട്ട യുക്രൈൻ-റഷ്യ സംഘർഷത്തിനിടെ കഴിഞ്ഞ ഏതാനും ദിവസങ്ങളിലായി മുകേഷ് അംബാനിക്ക് നഷ്ടമായത് 1,12,131 കോടി രൂപ.ഓഹരി വിപണി കുത്തനെ ഇടിഞ്ഞതോടെ, മുകേഷ് അംബാനിയുടെ കീഴിലുള്ള കമ്ബനികളുടെ ഓഹരികളും താഴ്ചയിലേക്ക് വീണതാണ് നഷ്ടത്തിന് കാരണമായത്. മുകേഷ് അംബാനിയുടെ ഉടമസ്ഥതയിലുള്ള റിലയൻസ് ഗ്രൂപ്പിന്റെ ഓഹരികൾ 6.78 ശതമാനമാണ് ഇടിഞ്ഞത്. റിലയൻസ് ഇൻഡസ്ട്രീസിന്റെ 1.10 ലക്ഷം കോടി രൂപയുടെ ഇടിവാണ് ഏറ്റവും കൂടുതൽ നഷ്ടമുണ്ടാക്കിയത്. നെറ്റ്വർക്ക് 18 മീഡിയ & ഇൻവെസ്റ്റ്മെന്റ്സ് 1,288 കോടി രൂപയുടെ വിപണി മൂലധന നഷ്ടം നേരിട്ടു.അതേസമയം, ഗൗതം അദാനിയും വിപണിയിലെ ചാഞ്ചാട്ടത്തിനിടയിലും മികച്ച പ്രകടനം കാഴ്ചവെച്ച അദാനി ഗ്രൂപ്പ് ഓഹരികൾ ഫെബ്രുവരി 15 ന് ശേഷം വിപണി മൂലധനത്തിൽ നിന്ന് 5.86 ശതമാനമാണ് ഇടിഞ്ഞത്. 66,328 കോടി രൂപ നഷ്ടം. അദാനി ടോട്ടൽ എന്റർപ്രൈസസാണ് ഏറ്റവും വലിയ നഷ്ടം നേരിട്ടത്. ഏകദേശം 21,600 കോടി രൂപ നഷ്ടം. ഈ ദിവസങ്ങളിൽ അദാനി ഗ്യാസിന് 20,143 കോടി രൂപയും അദാനി പോർട്ട്സിന് 13,241 കോടി രൂപയും നഷ്ടം നേരിട്ടു.അതേസമയം, അംബാനി, അദാനി ഓഹരികളുടെ നഷ്ടത്തിന് അനുസൃതമായി നിഫ്റ്റി 6.36 ശതമാനം ഇടിഞ്ഞു. എന്നിരുന്നാലും, യൂറോപ്പിലെ പ്രതിസന്ധി തുടരുകയാണെങ്കിൽ രണ്ട് ബിസിനസ് കുടുംബങ്ങൾക്കും വിപണിക്കും നഷ്ടം ഇനിയും വർദ്ധിക്കും. വ്യാഴാഴ്ച, ഉക്രെയ്നിലെ 'പ്രത്യേക സൈനിക പ്രവർത്തനങ്ങൾ' എന്ന റഷ്യൻ പ്രഖ്യാപനത്തോട് വിപണി പ്രതികരിച്ചു. നിഫ്റ്റിയും സെൻസെക്സും മൂന്ന് ശതമാനത്തിലധികം ഇടിഞ്ഞു. എല്ലാ മേഖലാ സൂചികകളും വെട്ടിക്കുറച്ചാണ് വ്യാപാരം നടത്തുന്നത്.


PRAVASI-WORLD




# റഷ്യയ്ക്കെതിരെ നടപടിയുടെ പേരിൽ കൂടുതൽ ഉപരോധം ഏർപ്പെടുത്താൻ യൂറോപ്യൻ യൂണിയൻ

**യുക്രൈൻ:** സൈനിക നടപടിയുടെ പേരിൽ റഷ്യയ്ക്കെതിരെ കൂടുതൽ ഉപരോധം ഏർപ്പെടുത്താൻ യൂറോപ്യൻ യൂണിയൻ തീരുമാനമെടുത്തതായി യൂറോപ്യൻ കൗൺസിൽ പ്രസിഡന്റ് ചാൾസ് മൈക്കൽ. സാമ്പത്തിക ശേഷിയും മാനുഷിക പിന്തുണയും സമാഹരിക്കാൻ യുക്രൈനിയൻ ജനതയ്ക്കും ഭരണകൂടത്തിനും ഉള്ള പിന്തുണയും ചർച്ച ചെയ്തു എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. യൂറോപ്യൻ യൂണിയൻ ഉച്ചകോടിക്ക് ശേഷമാണ് ചാൾസിന്റെ പ്രതികരണം.റഷ്യയ്ക്കെതിരായ പുതിയ യൂറോപ്യൻ യൂണിയൻ ഉപരോധം റഷ്യൻ ബാങ്കിംഗ് മേഖലയുടെ 70 ശതമാനത്തെ ബാധിക്കുമെന്നും ആധുനിക സാങ്കേതിക വിദ്യകളിലേക്കുള്ള പ്രവേശനം റഷ്യക്ക് നിഷേധിക്കുമെന്നും യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്ൻ പറഞ്ഞു. റഷ്യയുടെ പ്രവർത്തനത്തിന് ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന കൂടുതൽ നിയന്ത്രണ നടപടികൾ യൂറോപ്യൻ കൗൺസിൽ അംഗീകരിച്ചു.സാമ്പത്തിക മേഖല, ഊർജ, ഗതാഗത മേഖലകൾ, ഇരട്ട ഉപയോഗ സാധനങ്ങൾ, കയറ്റുമതി നിയന്ത്രണം, കയറ്റുമതി ധനസഹായം, വിസ നയം, റഷ്യൻ വ്യക്തികളുടെ അധിക ലിസ്റ്റിംഗുകൾ, പുതിയ ലിസ്റ്റിംഗ് മാനദണ്ഡങ്ങൾ എന്നിവ ഈ ഉപരോധങ്ങളിൽ ഉൾപ്പെടുന്നു എന്ന് യൂറോപ്യൻ കൗൺസിൽ പ്രസ്താവനയിൽ പറയുന്നു. അതേസമയം റഷ്യക്ക് മുന്നറിയിപ്പുമായി ഫ്രാൻസ് രംഗത്തെത്തി. നാറ്റോയുടെ പക്കലും ആണവായുധമുണ്ടെന്ന് പുടിൻ ഓർക്കണമെന്ന് ഫ്രഞ്ച് വിദേശകാര്യ മന്ത്രി മുന്നറിയിപ്പ് നൽകി. അതേസമയം നേരിട്ട് യുദ്ധത്തിനില്ലെന്നും റഷ്യക്കുമേൽ കൂടുതൽ സാമ്പത്തിക ഉപരോധങ്ങൾ ഏർപ്പെടുത്തുമെന്നും അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡൻ പറഞ്ഞു.യുക്രൈനിലേക്ക് സൈന്യത്തെ അയക്കില്ലെന്നും പുടിനുമായി ചർച്ചക്കില്ലെന്നും ബൈഡൻ വ്യക്തമാക്കി. യുദ്ധം തുടങ്ങിയ പശ്ചാത്തലത്തിൽ റഷ്യക്കെതിരെ കടുത്ത സാമ്പത്തിക ഉപരോധവും അമേരിക്ക പ്രഖ്യാപിച്ചു. മാസങ്ങൾക്ക് മുമ്പേ പുടിൻ ആക്രമണം തീരുമാനിച്ചിരുന്നുവെന്ന് ബൈഡൻ ആവർത്തിച്ചു.റഷ്യക്കെതിരെ നിർണായക സാമ്പത്തിക ഉപരോധം പ്രഖ്യാപിച്ച് ബ്രിട്ടൺ. ബ്രിട്ടീഷ് പാർലമെന്റിൽ പ്രധാനമന്ത്രി ബോറിസ് ജോൺസണാണ് യുക്രൈൻ അധിനിവേശത്തിന്റെ പേരിൽ റഷ്യക്കെതിരെ അതിശക്തമായ സാമ്പത്തിക ഉപരോധം പ്രഖ്യാപിച്ചത്. അന്താരാഷ്ട്ര തലത്തിൽ സാമ്പത്തിക ഇടപാടുകൾക്ക് ആയി ഉപയോഗിക്കുന്ന സ്വിഫ്റ്റ് പേയ്മെന്റുകളിൽ നിന്ന് റഷ്യയെ ഒഴിവാക്കാനുള്ള സാധ്യതയുണ്ടെന്ന് ബ്രിട്ടീഷ് പ്രധാനമന്ത്രി പാർലമെന്റിനെ അറിയിച്ചു.





# റഷ്യയ്ക്കുശേഷം, ചൈന തായ് വാനെ ആക്രമിക്കുമെന്ന് ട്രംപ്

**വാഷിംഗ്ടൺഡി.സി:** ലോകരാഷ്ട്രങ്ങളുടെ ശക്തമായ സമ്മർദത്തെ അവഗണിച്ചു യുക്രെയ്നെ കീഴടക്കാൻ റഷ്യൻ സൈന്യം അതിർത്തിയിലേക്ക് നീങ്ങിയതിൽ ആവേശം ഉൾകൊണ്ട് ചൈനയിൽ നിന്നും വിഘടിച്ചുപോയ തായ് വാനെ കീഴടക്കാനായിരിക്കും ചൈന ശ്രമിക്കുകയെന്ന് മുൻ പ്രസിഡന്റ് ട്രംപ മുന്നറിയിപ്പു നൽകി.ഫെബ്രുവരി 23 ചൊവ്വാഴ്ച റേഡിയോ പ്രോഗ്രാമിൽ പങ്കെടുത്ത് അഭിപ്രായ പ്രകടനം നടത്തുകയായിരുന്നു ട്രംപ്. റഷ്യയുടെ ഇരട്ട സഹോദരിയാണ് ചൈന. റഷ്യ എന്തു നടപടി സ്വീകരിക്കുമോ അതുതന്നെ ചൈനയും സ്വീകരിക്കുമെന്ന് ട്രമ്പ് പറഞ്ഞു. താൻ പ്രസിഡന്റായിരിക്കുമ്പോൾ യുക്രെയ്നെ ആക്രമിക്കുകയോ കീഴടക്കുകയോ ചെയ്യുന്നതിന് സൈനീക നീക്കം നടത്തുകയില്ലെന്ന റഷ്യൻ പ്രസിഡന്റ് ഉറപ്പു നൽകിയിരുന്നു. ഇപ്പോൾ അമേരിക്കൻ പ്രസിഡന്റായിരിക്കുന്ന ബൈഡൻ തീരെ ബലഹീനനാണെന്ന് റഷ്യൻ-ചൈന പ്രസിഡന്റുമാർ തിരിച്ചറിഞ്ഞിരിക്കുന്നു. ഇതിന്റെ വ്യക്തമായ തെളിവാണ് യുക്രെയ്ൻ അധിനിവേശത്തിന് റഷ്യൻ പ്രസിഡന്റിന് ധൈര്യം നൽകിയിരിക്കുന്നതെന്നും ട്രമ്പ് കൂട്ടിച്ചേർത്തു. ചൈന ഒളിമ്പിക്സിനുശേഷമായിരിക്കും തായ് വാനെതിരെയുള്ള സൈനീക നീക്കം നടത്തുകയെന്നും ട്രമ്പ് പ്രവചിച്ചു. റഷ്യൻ പ്രസിഡന്റുമായി ഉറ്റ സുഹൃദ്ബന്ധം സ്ഥാപിച്ചിട്ടുള്ള ബൈഡൻ ഉക്രയെൻ അധിനിവേശത്തിനെതിരെ കാര്യമായ നടപടികൾ സ്വീകരിക്കില്ലെന്ന് റഷ്യൻ പ്രസിഡന്റിനറിയാം.ഞാൻ പ്രസിഡന്റായിരിക്കുമ്പോഴും റഷ്യൻ പ്രസിഡന്റിന് യുക്രെയ്നെ ആക്രമിക്കാൻ ഉദ്ദേശമുണ്ടായിരുന്നതായി ഞാൻ മനസ്സിലാക്കിയിരുന്നു. എന്നെ വ്യക്തമായി അറിയാവുന്നതുകൊണ്ടാണ് ഇതിൽ നിന്നും റഷ്യൻ പ്രസിഡന്റ് പിൻമാറിയതെന്നും ട്രംപ് പറഞ്ഞു.

# ഇന്ത്യൻ പൗരന്മാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണം പിഎംഎഫ്

**ഡാലസ്** :റഷ്യ-ഉക്രൈന് യുദ്ധം യാഥാർഥ്യമായതോടെ യുക്രെയിനിൽ കഴിയുന്ന ഇന്ത്യൻ പൗരന്മാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുതപെടുത്തണമെന്നാവശ്യപ്പെട്ടു ഹ പ്രവാസി മലയാളി ഫെഡറേഷൻ ഇന്ത്യൻ വിദേശകാര്യ വകുപ്പ് മന്ത്രിക്ക് അടിയന്തര സന്ദേശം അയച്ചു.മന്ത്രി ഡോ:സുബ്രഹ്മണ്യം ജയശങ്കറിനയച്ച കത്തിൽ കേരളത്തിൽനിന്നുള്ള ഏകദേശം 2320 വിദ്യാർത്ഥികൾ ഉൾപ്പെടെ 18000 ഇന്ത്യൻ വിദ്യാർത്ഥികൾ ഭയാശങ്കയോടെയാണ് അവിടെ കഴിയുന്നതെന്നും പലരും യുദ്ധ ഭീതി മൂലം ബംഗറിലാണ് അഭയം തേടിയിരിക്കുന്നതെന്നും കത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.പ്രവാസി മലയാളി ഫെഡറേഷൻ ഇതിനകം ആരംഭിച്ച യുക്രൈൻ ഹെൽപ്പ് ഡെസ്ക് ലേക്ക് ലഭിക്കുന്ന മെയിലുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും പി എം എഫിൻറെ വളണ്ടിയർമാർ നൽകുന്നുണ്ടെന്ന് പ്രസിഡൻറ് എം പി സലിം അറിയിച്ചു ഇതിൻറെ നേരിട്ടുള്ള ചുമതല യു കെ യിൽ നിന്നുള്ള ഗ്ലോബൽ ജനറൽ സെക്രട്ടറി വർഗീസ് ജോൺ ആണ് ഏറ്റെടുത്തിരിക്കുന്നത് യുക്രൈനിലെ ഇന്ത്യൻ പൗരന്മാരുടെ ജീവൻ സംരക്ഷിക്കുന്നതിനവും ഇന്ത്യൻ ഗവൺമെൻറ് സ്വീകരിക്കുന്ന നടപടികൾ സംതൃപ്തിയുടെങ്കിലും വേഗം വർധിപ്പിക്കണമെന്ന് പ്രസിഡണ്ട് എം പ l സലിം,ജനറൽ സെക്രട്ടറി വർഗീസ് ജോൺ,ചെയർമാൻ ഡോ ജോസ് കാനാട്ട് ,ട്രീഷർ സ്റ്റീഫൻ കോട്ടയം, മീഡിയ കോർഡിനേറ്റർ പി പി ചെറിയാൻ എന്നിവർ ഒപ്പിട്ടു വിദേശ കാര്യ മന്ത്രാലയത്തിന് അയച്ച കത്തിൽ ആവശ്യപ്പെട്ടു .



# മെക്സിക്കൻ ഓപ്പൺ സെമിയിൽ ആവേശ പോരാട്ടം; ലോക ഒന്നാം നമ്പർ ഡാനിൽ മെദ്വദേവും റാഫേൽ നദാലും ഏറ്റുമുട്ടും

**മെക്സിക്കോ:** എ.ടി.പി 500 മാസ്റ്റേഴ്സ് ആയ മെക്സിക്കൻ ഓപ്പണിൽ ലോക ഒന്നാം നമ്പർ ഡാനിൽ മെദ്വദേവും റാഫേൽ നദാലും സെമിയിൽ ഏറ്റുമുട്ടും.ഈ വർഷത്തെ അവിസ്മരണീയമായ ഓസ്ട്രേലിയൻ ഓപ്പൺ ഫൈനലിന് ശേഷം ആദ്യമായാണ് ഇരു താരങ്ങളും പരസ്പരം ഏറ്റുമുട്ടുക. ഒന്നാം സീഡ് ആയ മെദ്വദേവ് ജപ്പാൻ താരം യോഷിട്ടോ നിഷിയോക്കയെ നേരിട്ടുള്ള സെറ്റുകൾക്ക് ആണ് ക്വാർട്ടർ ഫൈനലിൽ തോൽപ്പിച്ചത്. മത്സരത്തിൽ 12 ഏസുകൾ ഉതിർത്ത മെദ്വദേവ് മൂന്നു തവണ ബ്രെക്ക് വഴങ്ങിയെങ്കിലും 6 തവണ എതിരാളിയെ ബ്രെക്ക് ചെയ്തു. 6-2, 6-3 എന്ന സ്കോറിന് ആയിരുന്നു ലോക ഒന്നാം നമ്ബറിന്റെ ജയം. അതേസമയം 2022 ലെ തുടർച്ചയായ 13 മത്തെ ജയം ആണ് നദാൽ ക്വാർട്ടറിൽ കുറിച്ചത്. അമേരിക്കൻ താരം ടോമി പോളിനെതിരെ ആദ്യ സെറ്റിൽ 6-0 നു ആണ് നദാൽ വിജയം കണ്ടത്.രണ്ടാം സെറ്റിൽ എന്നാൽ നദാലിന്റെ സർവീസുകൾ മൂന്നു തവണ അമേരിക്കൻ താരം ബ്രെക്ക് ചെയ്തു. എന്നാൽ തിരിച്ചു ബ്രെക്ക് കണ്ടത്തിയ നദാൽ സെറ്റ് ടൈബ്രേക്കറിലേക്ക് നീട്ടി. ടൈബ്രേക്കറിൽ സെറ്റ് നേടിയ നദാൽ സെമി ഉറപ്പിച്ചു. അമേരിക്കൻ താരം മാർക്കോസ് ഗിറോണെ 6-3, 6-4 എന്ന സെറ്റുകൾക്ക് തകർത്ത മൂന്നാം സീഡ് സ്റ്റെഫനോസ് സിറ്റിപാസും മെക്സിക്കയിൽ സെമിയിൽ എത്തി. രണ്ടു സെറ്റിലും ഓരോ ബ്രെക്ക് വീതം കണ്ടത്തിയാണ് ഗ്രീക്ക് താരം ജയം കണ്ടത്. സെമിയിൽ ആറാം സീഡ് ബ്രിട്ടീഷ് താരം കാമറൂൺ നോറിയാണ് സിറ്റിപാസിന്റെ എതിരാളി. ജർമ്മൻ താരം പീറ്റർ ഗോജവിസ്കിയെ 6-1, 6-0 എന്ന നേരിട്ടുള്ള സ്കോറിന് ആണ് ബ്രിട്ടീഷ് താരം ക്വാർട്ടറിൽ തകർത്തത്. മത്സരത്തിൽ ആറു തവണ എതിരാളിയെ ബ്രെക്ക് ചെയ്യാൻ നോറിക്ക് ആയി.

# ദ്രാവിഡിനും ഗാംഗുലിക്കും എതിരായ പ്രതികരണം; കരാർ വ്യവസ്ഥ ലംഘിച്ചു, സാഹയോടെ വിശദീകരണം തേടാൻ ബിസിസിഐ

**ന്യൂഡൽഹി:** വാർഷിക കരാറിലെ വ്യവസ്ഥകൾ ലംഘിച്ചെന്ന് കാരണത്തിൽ ഇന്ത്യയുടെ വിക്കറ്റ് കീപ്പർ ബാറ്റ്സ്മാൻ വൃധിമാൻ സാഹയോടെ ബിസിസിഐ വിശദീകരണം ചോദിച്ചേക്കുമെന്ന് റിപ്പോർട്ട്.മുഖ്യ പരിശീലകൻ രാഹുൽ ദ്രാവിഡ്, ബിസിസിഐ പ്രസിഡന്റ് സൗരവ് ഗാംഗുലി എന്നിവരുമായുള്ള സ്വകാര്യ സംഭാഷണത്തിലെ കാര്യങ്ങൾ സാഹ പുറത്ത് പരഞ്ഞിരുന്നു.ശ്രീലങ്കയ്ക്ക് എതിരായ രണ്ട് ടെസ്റ്റുകളുടെ പരമ്ബരയിൽ നിന്ന് വൃധിമാൻ സാഹയെ ഒഴിവാക്കിയിരുന്നു. ബിസിസിഐ തലപ്പത്ത് താൻ ഇരിക്കുന്നത് വരെ ടീമിലെ സ്ഥാനം സംബന്ധിച്ച് ആശങ്ക വേണ്ട എന്ന് ഗാംഗുലി തനിക്ക് ഉറപ്പ് നൽകിയിരുന്നതായാണ് സാഹ വെളിപ്പെടുത്തിയത്. കഴിഞ്ഞ വർഷം കാൺപൂരിൽ ന്യൂസിലൻഡിന് എതിരായ ടെസ്റ്റിൽ അർധ ശതകം നേടിയതിന് പിന്നാലെയാണ് ഗാംഗുലിയിൽ നിന്ന് ഈ ഉറപ്പ് ലഭിച്ചത് എന്നും സാഹ പറഞ്ഞിരുന്നു. രാഹുൽ ദ്രാവിഡ് തന്നോട് വിരമിക്കുന്നതിനെ കുറിച്ച് ചിന്തിക്കാൻ ആവശ്യപ്പെട്ടതായും സാഹ പറഞ്ഞിരുന്നു. കളിക്കാരുടെ വാർഷിക കരാറിലെ വ്യവസ്ഥ 6.3 സാഹ ലംഘിച്ചത് ചൂണ്ടി ബിസിസിഐ കാരണം കാണിക്കൽ നോട്ടീസ് അയച്ചേക്കും എന്നാണ് പിടിഐ റിപ്പോർട്ട് ചെയ്യുന്നത്. വാർഷിക കരാറുള്ള ഒരു താരം സെലക്ഷൻ കാര്യങ്ങൾ ഉൾപ്പെടെ ഈ വിധം പ്രതികരിച്ചതിൽ ബിസിസിഐ വിശദീകരണം തേടാൻ സാധ്യതയുണ്ടെന്ന് ബിസിസിഐ ട്രഷറർ അരുൺ ധുമൽ പറഞ്ഞു. സാഹയ്ക്ക് ആത്മവിശ്വാസം നൽകാനും പ്രചോദിപ്പിക്കാനുമാണ് ഗാംഗുലി അങ്ങനെ പറഞ്ഞത്. ഡ്രസ്സിങ് റൂമിൽ വെച്ച് ദ്രാവിഡ് പറഞ്ഞ കാര്യം പരസ്യമായി പറയാൻ സാഹയെ പ്രേരിപ്പിച്ചത് എന്തെന്നും ബോർഡ് ആരായുമെന്ന് ധുമൽ പറഞ്ഞു.

# വിമർശകരുടെ വായടപ്പിച്ച 89 റൺസ്, ക്രെഡിറ്റ് രോഹിത് ശർമയ്ക്ക് നൽകി ഇഷാൻ കിഷൻ

**ലഖ്നൗ:** വെസ്റ്റ് ഇൻഡീസിന് എതിരായ പരമ്ബരയിൽ സ്കോർ ഉയർത്താൻ കഴിയാതിരുന്നതോടെ ഇഷാൻ കിഷന് നേരെ ചോദ്യങ്ങൾ ഉയർന്നു.എന്നാൽ ശ്രീലങ്കയ്ക്കെതിരായ ആദ്യ ടി20യിൽ തന്നെ തകർത്തടിച്ച് ഇഷാൻ വിമർശകരുടെ എല്ലാം വായടപ്പിച്ച് കഴിഞ്ഞു.56 പന്തിൽ നിന്ന് 89 റൺസ് ആണ് ഇഷാൻ അടിച്ചെടുത്തത്. താളം വീണ്ടെടുത്തതിലെ ക്രഡിറ്റ് ഇഷാൻ നൽകുന്നത് ക്യാപ്റ്റൻ രോഹിത് ശർമയ്ക്കും പരിശീലകൻ രാഹുൽ ദ്രാവിഡിനും. മികവ് കാണിക്കാൻ കഴിയാതെ വരുമ്ബോഴുള്ള യുവ താരങ്ങളുടെ മാനസികാവസ്ഥ രോഹിത്, കോഹ് ലി പോലുള്ള മുതിർന്ന താരങ്ങൾക്ക് മനസിലാക്കാൻ കഴിയും എന്നാണ് ഇഷാൻ പറയുന്നത്. വെസ്റ്റ് ഇൻഡീസിന് എതിരെ എനിക്ക് മികച്ച ബാറ്റിങ് പുറത്തെടുക്കാനായില്ല. എന്റെ കഴിവ് എന്താണെന്ന് അറിയാമെന്നും ടീമിനായി എനിക്ക് എന്തെല്ലാം ചെയ്യാൻ സാധിക്കുമെന്നും അവർ എന്നോട് എല്ലായ്പ്പോഴും പറയുന്നുണ്ട്. നിന്നിൽ ഞങ്ങൾക്ക് വിശ്വാസമുണ്ട്. നിനക്ക് കഴിവില്ലേ എന്ന സംശയം ഒരിക്കലും ഉണ്ടാകരുത് എന്നും അവരെന്നോട് പറയുന്നു.

EDITORS CHOICE



# ഭക്ഷണത്തോട് ആർത്തി, ഭീമൻ കരടി കൊള്ളയടിച്ചത് നാൽപ്പതോളം വീടുകൾ

**കാലിഫോർണിയ:** തുടർച്ചയായ മോഷണ പരമ്പര മൂലം താഹോനെയ് തടാകത്തിനു സമീപമുള്ള പ്രദേശവാസികൾക്ക് ഉറക്കം നഷ്ടപ്പെട്ടിട്ട് നാളുകൾ ഏറെയായി. മോഷണത്തിൽ മനുഷ്യ പങ്കാളത്തമില്ലെന്നതാണ് മറ്റൊരു കൗതുകരമായ വസ്തുത. ഒരു കരടിയാണ് മോഷണത്തിന് പിന്നിൽ. കഴിഞ്ഞ വേനൽ മുതൽ ഇതുവരെ നാൽപ്പതോളം വീടുകളാണ് കരടി കൊള്ളയടിച്ചത്. ആഹാരമാണ് ലക്ഷ്യം. ശരാശരി കരടിയെ അപേക്ഷിച്ച് ഭാരക്കൂടുതലുള്ളതാണ് കാലിഫോർണിയൻ പോലീസ് തിരക്കുന്ന ഈ കരടി. 227 കിലോ ഭാരമുള്ള കരടിക്ക് പ്രദേശവാസികൾ 'ഹാങ്ക് ദി ടാങ്ക്' എന്നാണ് പേര് നൽകിയിരിക്കുന്നത്. വേനലിലുള്ള ഭക്ഷ്യക്ഷാമമാണ് മോഷണ പരമ്പരയ്ക്ക് പിന്നിൽ.വീടുകളിലെത്തുന്ന ഹാങ്ക് തന്റെ ശക്തി ഉപയോഗിച്ച് പൂട്ടുകളും മറ്റും തുറന്നാണ് മോഷണം. മൃഗശാലയിലേക്ക് ഹാങ്കിനെ മാറ്റണമെന്നാണം പരിസ്ഥിതി സംഘടനകളുടെ ആവശ്യം. മനുഷ്യരെ തീരെ ഭയമില്ലാത്തതിനാൽ ദയാവധത്തിന് കരടിയെ വിധേയമാക്കാനുള്ള ശ്രമത്തിലാണ് അധികൃതർ. കാഴ്ചയിൽ ഭീമനും കട്ടിയേറിയ കറുത്ത രോമങ്ങളും ഉള്ളതിനാൽ ഹാങ്കിനെ തിരിച്ചറിയുക എളുപ്പമാണ്. സാധാരണ കരടികളെ വിരട്ടിയോടിക്കുന്ന ശ്രമങ്ങളെല്ലാം ഹാങ്കിന്റെ കാര്യത്തിൽ വിഫലമായി. ഭക്ഷണത്തോടുള്ള അമിതമായ ആർത്തിയാണ് ഹാങ്കിന്റെ ഭാരത്തിന് പിന്നിലെന്ന് പ്രാദേശിക വന്യജീവി സംരക്ഷണ സംഘടനയായ ദി ബിയർ ലീഗ് പറയുന്നു. കരടിയുടെ വിഷയത്തിൽ ദയാവധമല്ല, അതിനെ മൃഗശാലയിലേക്ക് മാറ്റുകയാണ് വേണ്ടതെന്നുമെന്നാണ് സംഘടനയുടെ പക്ഷം. സാധാരണ കരടികളുടെ ഭക്ഷണ രീതിയല്ല ഹാങ്കിന്റേത്. ഹാങ്കിനെ കുറിച്ച് 150-ഓളം പരാതികളാണ് അധികൃതർക്ക് ലഭിച്ചത്. മൃഗശാലയിലേക്ക് മാറ്റി ഹാങ്കിന് കൂടുതൽ സംരക്ഷണം ഉറപ്പു വരുത്തണമെന്നാണ് പരിസ്ഥിതി സ്നേഹികളുടെ ആവശ്യം..






RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com